2023
DECEMBER
16
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ഗാസയിലെ ടണലുകളിൽ കടൽവെള്ളം പമ്പ് ചെയ്ത് ഇസ്രയേൽ



**ഗാസ :** ഇസ്രയേൽ സേന ഗാസയിലെ ഹമാസ്ഭീകരരുടെ ടണലുകളിലേക്ക് കടൽവെള്ളം പമ്പ് ചെയ്യുന്നതായി റിപ്പോർട്ടുകൾ. ഹമാസ് ഭീകരരുടെ ഒളിത്താവളങ്ങളായ ഭൂഗർഭ ടണലുകൾ ഗാസയിൽ ഉടനീളം വ്യാപിച്ചു കിടക്കുന്നുണ്ട്. അതു നശിപ്പിക്കുകയും ഒളിച്ചിരിക്കുന്നവരെ പുറത്തു കടത്തുക എന്ന ഉദ്ദേശ്യത്തോടെയുമാണ് ഇസ്രയേൽ യുദ്ധത്തിൽ പുതിയ തന്ത്രങ്ങൾ പരീക്ഷിക്കുന്നത്. ഈ പ്രവർത്തിയെ ഗുഡ് ഐഡിയ എന്നു മാത്രം വിശേഷിപ്പിച്ച ഇസ്രയേൽ സേന ചീഫ് ലഫ്റ്റനൻറ് ജനറൽ ഹെർസി ഹലേവി കൂടുതൽ വിവരങ്ങൾ പുറത്തുവിട്ടില്ല.

ടണൽ ശൃംഖലയിൽ കടൽവെള്ളം നിറയ്ക്കുന്ന യുദ്ധതന്ത്രം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചതായും, ആദ്യഘട്ടം വിജയമാണെന്നും അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ പൂർണ വിജയത്തിലെത്താൻ കൂടുതൽ സമയം വേണ്ടിവരും. അതേസമയം ഈ പ്രവർത്തി ബന്ദികളുടെ ജീവൻ അപകടത്തിലാക്കുമോ എന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്. എന്നാൽ ബന്ദികളുടെ സുരക്ഷയ്ക്ക് മുൻഗണന നൽകി കൃത്യമായ വിവരങ്ങളുടെയും പദ്ധതിയുടെയും അടിസ്ഥാനത്തിൽ മാത്രമാണ് ടണലുകൾ കടൽവെള്ളം നിറയ്ക്കുന്നതെന്നാണ് സേനയുടെ വിശദീകരണം.

യുദ്ധം ആരംഭിച്ചതിനു ശേഷം 800ഓളം ടണൽ ഷാഫ്റ്റുകൾ കണ്ടെത്തിയതായി ഇസ്രയേൽ സേന കഴിഞ്ഞയാഴ്ച വ്യക്തമാക്കിയിരുന്നു. ഇതിൽ 500 എണ്ണം ഇതിനോടകം നശിപ്പിച്ചു കഴിഞ്ഞു. രണ്ടു ദിവസം മുമ്പ് ഗാസ നഗരത്തിലെ ഷാറ്റ്സി അഭയാർഥി ക്യാംപിനു സമീപം അഞ്ച് വാട്ടർ പമ്പുകൾ ഇസ്രയേൽ സേന സ്ഥാപിച്ചിരുന്നു. എന്നാൽ വെള്ളപ്പൊക്കം ഉൾപ്പടെയുള്ളവയെ പ്രതിരോധിക്കാൻ കഴിയുന്ന വിധത്തിലാണ് ഹമാസിൻറെ ടണലുകളുടെ രൂപകൽപ്പനയെന്ന് ഹമാസ് ഭീകരൻ ഒസാമ ഹംദാൻ വ്യക്തമാക്കിയിരുന്നു.

## സെൻസെക്സ് 71,000 കടന്നു

# ഐടി ഓഹരികളിൽ മുന്നേറ്റം തുടരുന്നു




**മുംബൈ:** അടുത്ത വർഷം മാർച്ചോടെ യുഎസ് കേന്ദ്ര ബാങ്ക് നിരക്ക് കുറച്ചേക്കുമെന്ന വിലയിരുത്തൽ വിപണിയെ വീണ്ടും ചലിപ്പിച്ചു. ആഗോള വിപണികളിലെ മുന്നേറ്റത്തോടൊപ്പം സെൻസെക്സും നിഫ്റ്റിയും വീണ്ടും റെക്കോഡ് ഉയരം കുറിച്ചു. ഇതാദ്യമായി സെൻസെക്സ് 71,000 കടന്നു.

സെൻസെക്സ് 550 പോയന്റ് നേട്ടത്തിൽ 71,011ലും നിഫ്റ്റി 170 പോയന്റ് ഉയർന്ന് 21,352ലുമെത്തി. ഇതോടെ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ വിപണി മൂല്യം 356.66 ലക്ഷം കോടിയായി.

ഇൻഫോസിസ്, ജെഎസ്ഡബ്ല്യു സ്റ്റീൽ, ടാറ്റ സ്റ്റീൽ, എച്ച്സിഎൽ ടെക്, സൺ ഫാർമ തുടങ്ങിയ ഓഹരികളാണ് പ്രധാനമായും നേട്ടത്തിൽ. ആക്സിസ് ബാങ്ക്, നെസ്ലെ, ഭാരതി എയർടെൽ, പവർഗ്രിഡ് തുടങ്ങിയ ഓഹരികൾ നഷ്ടത്തിലുമാണ്.

1,374 കോടി രൂപയുടെ ഓർഡർ ലഭിച്ചതിനെതുടർന്ന് ടെക്സ്മോറെയിൽ ആൻഡ് എൻജിനിയറിങ് 10 ശതമാനത്തിലേറെ നേട്ടമുണ്ടാക്കി.

സെക്ടറൽ സൂചികകളിൽ നിഫ്റ്റി മെറ്റൽ 1.6 ശതമാനവും ഐടി 0.9 ശതമാനവും ഉയർന്നു. നിഫ്റ്റി ബാങ്ക്, ഓട്ടോ, മീഡിയ, ഫാർമ, ഓയിൽ ആൻഡ് ഗ്യാസ് എന്നീ വിഭാഗങ്ങളിലെ ഓഹരികളും നേട്ടത്തിലാണ്.

## ശബരിമല നടവരവിൽ കഴിഞ്ഞ വർഷത്തേക്കാൾ 20 കോടി രൂപയുടെ കുറവ്

**സന്നിധാനം:** ശബരിമല നടവരവിൽ ഇത്തവണ ഇതേവരെ 20 കോടി രൂപയുടെ കുറവ്. മണ്ഡലകാലം ആരംഭിച്ച് 28 ദിവസത്തിൽ 1,34,44,90,495 കോടി രൂപയാണ് ശബരിമലയിലെ നടവരവ്. കഴിഞ്ഞ വർഷം ഇത് 1,54,77,97,005 കോടിയായിരുന്നു. ഭക്തരുടെ എണ്ണത്തിൽ ഒന്നര ലക്ഷത്തിൻറെ കുറവാണ് ഉണ്ടായത്.

അരവണ വിൽപ്പനയുടെ വരവ് 61.91 കോടി. കഴിഞ്ഞ വർഷം ഇത് 73.75 കോടിയായിരുന്നു. 11.84 കോടി രൂപയുടെ വ്യത്യാസം. അപ്പം വിറ്റുവരവ് 8.99 കോടി രൂപ. കഴിഞ്ഞ പ്രാവശ്യം ഇത് 9.43 കോടി രൂപയായിരുന്നു. 44.49 ലക്ഷം രൂപയുടെ കുറവ്.

41.80 കോടിയാണ് ഇതുവരെയുള്ള കാണിക്ക വരവ്. കഴിഞ്ഞ വർഷം ഇതേ സമയത്തെ കാണിക്ക വരവ് 46.452 കോടി രൂപയായിരുന്നു. 4.65 കോടി രൂപയുടെ വ്യത്യാസം.

മണ്ഡലകാലം ആരംഭിച്ചത് മുതൽ ഇന്നലെ വൈകിട്ട് 6 മണി വരെ വെർച്വൽ ക്യൂ വഴിയും സ്പോട്ട് ബുക്കിങ് വഴിയും ദർശനം നടത്തിയവരുടെ എണ്ണം 18,12,179 ആണ്. പുൽമേട് വഴി 31,935 പേർ എത്തി. കഴിഞ്ഞ വെള്ളിയാഴ്ച മാത്രം വെർച്വൽ ക്യൂ വഴിയും സ്പോട്ട് ബുക്കിങ് വഴിയും ദർശനം നടത്തിയവരുടെ എണ്ണം 88,744.

## ഇന്ത്യയടക്കം 33 രാജ്യങ്ങളിൽ നിന്നുള്ളവർക്ക് വിസ വേണ്ട; പ്രഖ്യാപനവുമായി ഇറാനും



**ന്യൂദൽഹി:** വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കാനായി സമീപകാലത്ത് പല രാജ്യങ്ങളും വിസ ചട്ടങ്ങളിൽ ഇളവ് വരുത്തിയിരുന്നു. തായ്‍ലൻഡും ശ്രീലങ്കയും ഉൾപ്പടെ നിരവധി രാജ്യങ്ങൾ ഇന്ത്യ ഉൾപ്പെടുയുള്ള രാജ്യങ്ങളിൽ നിന്നുള്ളവർക്ക് വിസ രഹിത പ്രവേശനം പ്രഖ്യാപിക്കുകയുണ്ടായി. ആഫ്രിക്കൻ രാജ്യമായ കെനിയ ആവട്ടെ ആർക്കും തങ്ങളുടെ രാജ്യത്തേക്ക് പ്രവേശിക്കാൻ വിസ വേണ്ടെന്ന് പ്രഖ്യാപിച്ചു. ഇപ്പോഴിതാ ഇറാൻ ഇന്ത്യയുൾപ്പടെ 33 രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് വിസ രഹിത പ്രവേശനം പ്രഖ്യാപിച്ചിരിക്കുകയാണ്.

ഇത് പ്രകാരം സൗദി അറേബ്യ, ഇന്ത്യ, റഷ്യ, യു.എ.ഇ, ബഹ്റൈൻ, ഖത്തർ, കുവൈത്ത്, ലബനോൻ തുടങ്ങിയ 33 രാജ്യങ്ങളിൽ നിന്നുള്ള പൗരൻമാർക്ക് ഇറാനിലേക്ക് പ്രവേശിക്കാൻ വിസയുടെ ആവശ്യമില്ല. ഇറാൻ സാംസ്കാരികവിനോദസഞ്ചാര വകുപ്പ് മന്ത്രിയായ ഇസദുള്ളാഹ് ദർഗാമിയാണ് പുതിയ തീരുമാനം പ്രഖ്യാപിച്ചിരിക്കുന്നത്. രാജ്യത്തിന്റെ വാതിലുകൾ ലോകത്തിന് മുന്നിൽ തുറക്കുകയാണെന്ന് ദർഗാമി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സുഖമമായ സഞ്ചാരം മനുഷ്യരുടെ അവകാശമാണ്. ഇറാൻ എന്ന രാഷ്ട്രത്തിന്റെ മഹത്തായ സവിശേഷതകൾ ആസ്വദിക്കാൻ ലോകത്തിന് അവസരം ഒരുക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.



# ആരോഗ്യപ്രവർത്തകർക്കും മനുഷ്യാവകാശം ബാധകം: ഐ.എം.എ

**കൊച്ചി:** രോഗികൾക്കെന്നപോലെ ആരോഗ്യപ്രവർത്തകരും മനുഷ്യാവകാശത്തിന് അർഹരാണെന്ന് ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ. കേരളത്തിൽ ജോലി സ്ഥലത്ത് ഏറ്റവും കൂടുതൽ അക്രമം നേരിടേണ്ടി വരുന്ന സമൂഹമായി മാറിയിരിക്കുകയാണ് ആരോഗ്യപ്രവർത്തകരെന്ന് മനുഷ്യാവകാശവും ആരോഗ്യസംരക്ഷണവും എന്ന വിഷയത്തിൽ ഐ.എം.എ കൊച്ചിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഹെൽത്ത് കെയർ കോൺക്ലേവ് അഭിപ്രായപ്പെട്ടു.അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളുടെ ഗുരുതരാവസ്ഥ കണക്കിലെടുത്താണ് മുൻഗണന നിശ്ചയിക്കുക. ഇക്കാര്യത്തിലുള്ള പൊതുസമൂഹത്തിന്റെ അറിവില്ലായ്മയാണ് പലപ്പോഴും ആരോഗ്യപ്രവർത്തകർക്കു നേരെയുള്ള മനുഷ്യാവകാശ ലംഘനത്തിന് വഴിവെയ്ക്കുന്നതെന്ന് കോൺക്ലേവ് വിലയിരുത്തി.

രോഗാവസ്ഥ എന്തെന്ന് രോഗിയെ ബോധ്യപ്പെടുത്തേണ്ടത് ചികിൽസിക്കുന്ന ഡോക്ടറുടെ കടമയാണ്. എന്നാൽ രോഗിയെ രോഗവിവരം അറിയിക്കരുതെന്ന ബന്ധുക്കളുടെ അഭ്യർഥന ഡോക്ടർമാരെ ആശയക്കുഴപ്പത്തിലാക്കാറുണ്ടെന്നും കോൺക്ലേവ് വിലയിരുത്തി. എ.ഐ പോലുള്ള നൂതന സാങ്കേതിക വിദ്യകൾ കൃത്യമായ രോഗ നിർണ്ണയത്തിനും രോഗികൾക്ക് മികച്ച ചികിൽസ പ്രദാനം ചെയ്യുന്നതിനും സഹായകരമാണ്.ഡോക്ടർമാരില്ലാതെ റോബോട്ടുകൾ മാത്രം ചെയ്യുന്നതല്ല റോബോട്ടിക് സർജറികൾ. സർജറി ചെയ്യുന്നതിന് ഡോക്ടർമാരെ സഹായിക്കുകയാണ് റോബോട്ട് ചെയ്യുന്നതെന്നും ആരോഗ്യസംരക്ഷണത്തിൽ സാങ്കേതിക വിദ്യയുടെ പ്രാധാന്യം എന്ന വിഷയത്തിൽ നടന്ന സംവാദത്തിൽ ആരോഗ്യവിദഗ്ദർ വ്യക്തമാക്കി.

മക്കളും ബന്ധുക്കളും ഒപ്പമില്ലാതെ ഒറ്റപ്പെട്ട് കഴിയുന്ന പ്രായമായവരുടെ എണ്ണം സമൂഹത്തിൽ വർധിച്ചുവരികയാണ്.ഇവരെ മാനസികമായും അല്ലാതെയും സഹായിക്കേണ്ടത് സമൂഹത്തിന്റെ കൂടി ഉത്തരവാദിത്വമാണെന്ന് വാർധക്യവും ദീർഘകാല പരിചരണവും എന്ന വിഷയത്തിൽ നടന്ന ചർച്ച വിലയിരുത്തി.പ്രായമായവരെ വൃദ്ധസദനങ്ങളിലേക്ക് മാറ്റുന്നതിനു പകരം സ്വന്തം വീടുകളിൽ തന്നെ കഴിയാനുള്ള സാഹചര്യം സൃഷ്ടിക്കണം. ഇതിന് സമൂഹത്തിന്റെ പിന്തുണ അനിവാര്യമാണ്. ഒപ്പം സാമ്പത്തിക സുരക്ഷയും നിർണായകമാണ്. ഇക്കാര്യത്തിൽ സർക്കാരും സ്വകാര്യമേഖലയും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. രോഗിയുടെ മസ്തിഷ്ക്ക മരണം പ്രോട്ടോക്കോൾ പ്രകാരമുള്ള സ്ഥിരീകരണത്തിലൂടെയല്ലാതെ ഡോക്ടർമാർക്ക് പ്രഖ്യാപിക്കാൻ കഴിയില്ല.അവയവദാനം മസ്തിഷ്ക മരണ പ്രഖ്യാപനത്തിന് മാനദണ്ഡമല്ല. മസ്തിഷ്ക മരണം സംഭവിച്ച വ്യക്തിയുടെ അവയവദാനം സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള അവകാശം ബന്ധുക്കൾക്ക് മാത്രമാണെന്നത് പൊതു സമൂഹം മനസിലാക്കണമെന്നും കോൺക്ലേവ് വ്യക്തമാക്കി.

ഡോ.മരിയ വർഗീസ്,ഡോ.അതുൽ ജോസഫ് മാനുവൽ, ഡോ. സുനിൽ.കെ.മത്തായി എന്നിവർ മോഡറേറ്റർമാരായി.ഡോ.ജിനോ ജോയ്,ഡോ.അരുൺ ഉമ്മൻ, ഡോ. റൊമേഷ് ആർ, ഡോ.വിനോദ് സേവ്യർ ഫ്രാങ്കൽൻ, ഡോ.പി.എ മേരി അനിത, ഡെന്നി ടോമി,ഡോ.ദിലീപ് പണിക്കർ, രഞ്ജിത് കൃഷ്ണൻ, ഡോ.അജിത് വേണു ഗോപാൽ, ഡോ. കെ അജിത് ജോയി, സുനിൽ പ്രഭാകർ, ബോധിഷ് തോമസ്, ഡോ.സുബ്രമഹമണ്യ അയ്യർ, ഡോ. മാത്യു നമ്പേലിൽ, ഡോ.സുവർണ സോമൻ,ധന്യ ശ്യാമളൻ.അഡ്വ.നിഹാരിക ഹേമരാജ് തുടങ്ങിയവർ പങ്കെടുത്തു.

# മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് ഐപിഒ ഡിസംബർ 18 മുതൽ




**കൊച്ചി:** മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഡിസംബർ 18 മുതൽ 20 വരെ നടക്കും. ഐപിഒയിലൂടെ 960 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്.

760 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 200 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാൻ തോമസ് ജോൺ,മാനേജിംഗ് ഡയറക്ടർ തോമസ് മുത്തൂറ്റ്, ഡയറക്ടർ തോമസ് ജേർജ്ജ്,ചീഫ് ഓപ്പറേറ്റിംഗ് ഓഫിസർ ഉദീഷ് ഉല്ലാസ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പുതിയ ഓഹരികളിലൂടെ സമാഹരിക്കുന്ന തുക കമ്പനിയുടെ ഭാവി മൂലധന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മൂലധന അടിത്തറ വികസിപ്പിക്കുന്നതിനാണ് ഉപയോഗിക്കുക.200 കോടി രൂപയുടെ ഓഫർ ഫോർ സെയിലിൽ പ്രമോട്ടർമാരായ തോമസ് ജോൺ മുത്തൂറ്റിൻറെ 16.36 കോടി രൂപയുടെയും തോമസ് മുത്തൂറ്റിൻറെ 16.38 കോടി രൂപയുടെയും തോമസ് ജോർജ് മുത്തൂറ്റിൻറെ 16.36 കോടി രൂപയുടെയും പ്രീതി ജോൺ മുത്തൂറ്റിൻറെ 33.74 കോടി രൂപയുടെയും റെമി തോമസിൻറെ 33.39 രൂപയുടെയും നീന ജോർജിൻറെ 33.77 രൂപയുടെയും ഓഹരികൾ ഉൾപ്പെടുന്നു. നിക്ഷേപകരായ ഗ്രേറ്റർ പസഫിക് ക്യാപിറ്റൽ 50 കോടി രൂപയുടെ ഓഹരികൾ വിറ്റഴിക്കും.10 രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരി ഒന്നിന് 277 രൂപ മുതൽ 291 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്.

കുറഞ്ഞത് 51 ഓഹരികൾക്കും തുടർന്ന് 51ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.




സുഗുണ ഡെൽഫ്രസ് ചിക്കൻ അസോസിയേഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ഡെലിവറി ആപ്പിന്റെ പ്രവർത്തനോദ്ഘാടനം ഷീന സുജിത് നിർവഹിച്ചപ്പോൾ

# ചിക്കൻ വാങ്ങാനും മൊബൈൽ ആപ്പ്

**കൊച്ചി:** ചിക്കൻ വാങ്ങാൻ ഇനി മൊബൈൽ ആപ്പും. ഉപഭോക്താക്കളുടെ സൗകര്യാർഥവും ഗുണനിലവാരമുള്ള ചിക്കൻ വിതരണത്തിനുമായി സുഗുണ ഡെൽഫ്രസ് ചിക്കൻ അസോസിയേഷന്റെ നേതൃത്വത്തിലാണ് മൊബൈൽ ആപ്പ് തയ്യാറാക്കിയിരിക്കുന്നത്. ആപ്പിന്റെ പ്രവർത്തനോദ്ഘാടനം തമ്മനം സർവ്വീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന അസോസിയേഷൻ വാർഷിക പൊതുയോഗത്തിൽ ഷീന സുജിത് നിർവ്വഹിച്ചു. സുഗുണ ഡെൽഫ്രസ് ചിക്കൻ അസോസിയേഷൻ പ്രസിഡന്റ് ആന്റണി ഡിൻസൻ അധ്യക്ഷത വഹിച്ചു. അസോസിയേഷൻ സെക്രട്ടറി വി.ബി ഷിബു, ട്രഷറർ പി.എം അനീസ്, പി.ബി ഷാജഹാൻ, ടി.മഹേഷ് തുടങ്ങിയവർ സംസാരിച്ചു. സുഗുണ ചിക്കൻ ഡെലിവറി ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

# സി.ഒ.ജി.എസ് വാർഷിക സമ്മേളനം നാളെ

**കൊച്ചി:** കൊച്ചിൻ ഒബ്സ്റ്റെട്രിക് ആന്റ് ഗൈനക്കോളജിക്കൽ സൊസൈറ്റി (സി.ഒ.ജി.എസ്)യുടെ വാർഷിക സമ്മേളനം നാളെ (ഡിസംബർ 17) കലൂർ ഐ.എം.എ ഹൗസിൽ നടക്കും. രാവിലെ ഒമ്പതു മുതൽ ആരംഭിക്കുന്ന സമ്മേളനത്തിൽ വിവിധ വിഷയങ്ങളിൽ വിദഗ്ദരായ ആരോഗ്യവിദഗ്ദർ പങ്കെടുക്കുന്ന പാനൽ ചർച്ചകൾ,ക്വിസ് പ്രോഗ്രാം എന്നിവ ഉണ്ടാകുമെന്ന് പ്രസിഡന്റ് ഡോ. ഗ്രേസി തോമസ്, സെക്രട്ടറി ഡോ.ഫെസി ലൂയിസ് എന്നിവർ അറിയിച്ചു.

# ആസാദ് എഞ്ചിനീയറിംഗ് ലിമിറ്റഡ് ഐപിഒ ഡിസംബർ 20 മുതൽ

**കൊച്ചി:** ആസാദ് എഞ്ചിനീയറിംഗ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) ഡിസംബർ 20 മുതൽ 22 വരെ നടക്കും. 19 നാണ് ആങ്കർ നിക്ഷേപകർക്കുള്ള അലോട്ട്മെന്റ്. 240 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 500 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.

രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 499 രൂപ മുതൽ 524 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 28 ഓഹരികൾക്കും തുടർന്ന് 28 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ആനന്ദ് രതി അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിംഗ് ലീഡ് മാനേജർമാർ.

# ഫെഡറൽ ബാങ്ക് കൊച്ചി നേവി മാരത്തൺ രജിസ്ട്രേഷൻ ഇന്നു കൂടി

**കൊച്ചി:** ഫെഡറൽ ബാങ്കുമായി സഹകരിച്ച് സതേൺ നേവൽ കമാൻഡ് ഞായറാഴ്ച സംഘടിപ്പിക്കുന്ന കൊച്ചി നേവി മാരത്തണിൽ പങ്കെടുക്കാനുള്ള രജിസ്ട്രേഷൻ ഇന്ന് (16.12.2023) അവസാനിക്കും. നാവിക സേനയുടെ ഫിറ്റ്നസ് ആന്റ് യൂനിറ്റി ആഘോഷത്തോടനുബന്ധിച്ചാണ് മാരത്തൺ സംഘടിപ്പിക്കുന്നത്. കെവി പോർട് ട്രസ്റ്റ് ഗ്രൗണ്ടിലാണ് മത്സര ഓട്ടം. കേരളത്തിൽ നിന്നും പുറത്തു നിന്നുമുള്ള ദീർഘദൂര ഓട്ടക്കാർ മത്സരത്തിൽ പങ്കെടുക്കുന്നുണ്ട്. താല്പര്യമുള്ളവർ https:\\kochinavymarathon.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക.

# റാലീസ് ഇന്ത്യ പുതിയ സിങ്ക് ഫെർട്ടിലൈസർ നയാസിങ്ക് പുറത്തിറക്കി

**കൊച്ചി:** അഗ്രി ഇൻപുട്സ് ഇൻഡസ്ട്രിയിലെ മുൻനിരക്കാരായ റാലീസ് ഇന്ത്യ ലിമിറ്റഡ് കൃഷി രീതികൾ ശക്തിപ്പെടുത്തുന്നതിനായുള്ള പുതിയ സിങ്ക് വളവുമായി രംഗത്ത്. മണ്ണിന് ഗുണകരമാകുന്ന രീതിയിൽ അതുല്യവും പേറ്റൻറ് ഉള്ളതുമായ നയാസിങ്ക് എന്ന ഉത്പന്നമാണ് റാലീസ് ഇന്ത്യ പുറത്തിറക്കുന്നതെന്ന് റാലീസ് ഇന്ത്യ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സഞ്ജീവ് ലാൽ വ്യക്തമാക്കി.




സിങ്ക് സൾഫേറ്റിന് ബദലായി വളരെ മെച്ചപ്പെട്ട രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്ന ഈ നവീന കണ്ടുപിടുത്തം, വിവിധ വിളകൾ, മണ്ണ്, കാർഷിക മേഖല എന്നിവിയിലുടനീളമുള്ള കാർഷിക രീതികളെ പരിവർത്തനം ചെയ്യുന്നതാണ്. ഇന്ത്യൻ കൃഷിരീതിക്ക് പൂർണമായും അനുയോജ്യമായ രീതിയിൽ സിങ്ക് സൾഫേറ്റിന് പകരമാകുന്നതും സർക്കാരിൻറെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡറിന് അനുസൃതമായതും ഉയർന്ന ഗുണനിലവാരത്തിലുമുള്ളതാണ് നയാസിങ്ക്.16 ശതമാനം സിങ്കിൻറെ സാന്നിധ്യമുള്ളതിനാൽ സിങ്ക് സൾഫേറ്റുമായി താരതമ്യം ചെയ്യുമ്പോൾ, സിങ്ക് സൾഫേറ്റിൻറെ പത്തിലൊന്ന് ഉപയോഗം കൊണ്ട്തന്നെ ഇത് സസ്യങ്ങൾക്ക് പരമാവധി സിങ്ക് പോഷകം പ്രദാനം ചെയ്യും. ഒമ്പതു ശതമാനം മഗ്നീഷ്യവും അടങ്ങിയിട്ടുള്ളതിനാൽ സസ്യങ്ങളുടെ വളർച്ചയുടെ പ്രാരംഭ ഘട്ടത്തിൽ പ്രകാശസംശ്ലേഷണത്തെ ത്വരിതപ്പെടുത്തുകയും ചെയ്യും. നെല്ല്, ഗോതമ്പ്, ചോളം, കരിമ്പ്, പയർ വർഗങ്ങൾ, എണ്ണക്കുരു, പച്ചക്കറികൾ, പരുത്തി, ചേമ്പ്, കടുക്, നിലക്കടല, സോയാബീൻ തുടങ്ങിയ വൈവിധ്യമാർന്ന വിളകൾക്ക് അനുയോജ്യമാണ് നയാസിങ്ക്. ശാസ്ത്രത്തിലൂടെ കർഷകരെ സേവിക്കുക എന്ന ഞങ്ങളുടെ ദൗത്യം ഫലപ്രാപ്തിയണിഞ്ഞതിൻറെ തെളിവു കൂടിയാണ് നയാസിങ്ക് എന്ന് സഞ്ജീവ് ലാൽ വ്യക്തമാക്കി. 45 ശതമാനത്തിലധികം ഇന്ത്യൻ മണ്ണിലും സസ്യലഭ്യതയുള്ള സിങ്കിൻറെ കുറവാണ് രേഖപ്പെടുത്തുന്നത്. ഇതിനുള്ള ഒരു നൂതന പരിഹാരമാണ് നയാസിങ്ക്. ഇത് മണ്ണിൻറെ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുകയും സുസ്ഥിരത മെച്ചപ്പെടുത്തുകയും ചെയ്യും. മനുഷ്യരിൽ, പ്രത്യേകിച്ച് കുട്ടികളിലും ശിശുക്കളിലും സിങ്ക് പോഷണം ഉള്ള പോലെ തന്നെ സസ്യങ്ങളിലും സിങ്ക് പോഷണത്തിന് പ്രാധാന്യമുണ്ട്. നയാസിങ്കിലെ ഞങ്ങളുടെ നിക്ഷേപങ്ങൾ ആരോഗ്യകരമായ മണ്ണിന് ശക്തമായ അടിത്തറ നല്കുന്നതു വഴി ആരോഗ്യമുള്ള രാജ്യത്തിനായി ആരോഗ്യകരമായ ഭക്ഷണം ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ളതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.റാലീസ് ഇന്ത്യയുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് www.rallis.com ദയവായി സന്ദർശിക്കുക

# ജോയ് ആലുക്കാസിൽ സീസൺ ഓഫ് ഗിവിങ് ആഘോഷം

**കൊച്ചി:** ക്രിസ്മസ്പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി ഉപഭോക്താക്കൾക്കായി ജോയ് ആലുക്കാസ് 'സീസൺ ഓഫ് ഗിവിങ്' ഓഫർ പ്രഖ്യാപിച്ചു. സ്വർണാഭരങ്ങൾക്കും വജ്രാഭരണങ്ങൾക്കും പണിക്കൂലിയിൽ 25 ശതമാനം ഇളവ് ലഭിക്കും. ഇന്ത്യയിലുടനീളം എല്ലാ ജോയ് ആലുക്കാസ് ഷോറൂമുകളിലും 2024 ജനുവരി 15 വരെ ഈ ആനുകൂല്യം ലഭ്യമാണ്.

ഈ ഉത്സവകാല ഓഫറിനു പുറമെ ഉപഭോക്താക്കൾ വാങ്ങുന്ന ആഭരണങ്ങൾക്ക് ഒരു വർഷത്തെ സൗജന്യ ഇൻഷുറൻസും ആജീവനാന്ത സൗജന്യ മെയിന്റനൻസും ബൈബാക്ക് ഗ്യാരണ്ടിയും നൽകുന്നുണ്ടെന്ന് ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് പറഞ്ഞു.നമുക്ക് ലഭിച്ചതിനെല്ലാം നന്ദി പ്രകടിപ്പിക്കാനും സന്തോഷം പടർത്താനുമുള്ള കാലമാണ് ക്രിസ്മസ്നവവത്സര സീസൺ. ഇതോടൊപ്പം ഞങ്ങളുടെ സീസൺ ഓഫ് ഗിവിങ് പ്രത്യേക ഇളവുകളും ഉപഭോക്താക്കൾക്കായി അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. എല്ലാവർക്കും സന്തോഷം നിറഞ്ഞ ക്രിസ്മസും മികച്ചൊരു പുതുവർഷവും ആശംസിക്കുന്നുവെന്നും ജോയ് ആലുക്കാസ് പറഞ്ഞു.




# ഭാവിയെ കുറിച്ച് മനസിലാക്കിയാലേ ഭാവിയിലേക്ക് കുതിക്കാൻ കഴിയു: ശങ്കർ കൃഷ്ണൻ

**കൊച്ചി:** ഭാവിയെ കുറിച്ച് നന്നായി മനസിലാക്കിയാൽ മാത്രമേ വെല്ലുവിളികളെ അതിജീവിച്ച് ഭാവിയിലേക്ക് ഓടിയെത്താൻ കഴിയൂ എന്ന് ടെസ്സറാക്റ്റ് കൺസൾട്ടിംഗ് സിഇഒ ശങ്കർ കൃഷ്ണൻ. കേരള മാനേജ്മെന്റ് (കെ എം എ) സംഘടിപ്പിച്ച ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സാങ്കേതിക വിദ്യകൾ, നിർമിത ബുദ്ധി, ഡാറ്റ അനാലിസിസ് തുടങ്ങിയവാണ് നാളെയെ നിയന്ത്രിക്കാൻ പോകുന്നത്.

ഹൈബ്രിഡ് രീതി ഇന്ന് വ്യാപകമായി. ഇപ്പോഴുള്ള പല ജോലികളും റോബോട്ടുകൾ ഏറ്റെടുക്കും. എന്നാൽ സാങ്കേതികവിദ്യകൾ കൂടുതലായി ഉപയോഗപ്പെടുത്തുന്നതിലൂടെ പുതിയ തൊഴിൽ മേഖലകൾ തുറക്കപ്പെടുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. മുൻ കാലങ്ങളിൽ നാൽപ്പത് വയസെത്തുമ്പോഴാണ് ആൾക്കാർ സംരംഭകരാകുന്നത്. എന്നാൽ ഇന്ന് സ്റ്റാർട്ടപ്പുകളിൽ ബഹുഭൂരിപക്ഷവും നടത്തുന്നത് ഇരുപതുകളിലുള്ളവരാണ്. സമൂഹ മാധ്യമങ്ങൾ മാർക്കറ്റിങ്ങിനും പരസ്യത്തിനുമുള്ള പ്രധാന ഉപാധിയായി മാറി. സമൂഹ മാധ്യമങ്ങൾക്ക് ഒട്ടേറെ നെഗറ്റിവുകളുണ്ട്. എന്നാൽ അത് എങ്ങനെ ഉപയോഗിക്കുന്നു എന്നത് അനുസരിച്ചാകും അതിന്റെ പോസിറ്റിവ് വശങ്ങൾ കൂടുകയും നെഗറ്റിവ് വശങ്ങൾ കുറയുകയും ചെയ്യുന്നത്.

റോബോട്ട്, ഡ്രോൺ തുടങ്ങിയവ ഇപ്പോൾ തന്നെ വ്യാപകമായി ഉപയോഗപ്പെടുത്തുന്നുണ്ട്. സാങ്കേതികതയുടെ സാധ്യതകളെ കുറിച്ച് ചിന്തിക്കുക, ശങ്കർ കൃഷ്ണൻ പറഞ്ഞു. കെ എം എ വൈസ് പ്രസിഡന്റ് കെ. ഹരികുമാർ, ഓണററി സെക്രട്ടറി ദിലീപ് നാരായണൻ എന്നിവർ സംസാരിച്ചു.

# സമ്പൂർണ്ണ മൃഗസംരക്ഷണം : അഞ്ച് കോടിയുടെ പദ്ധതികളുമായി മിൽമ

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയൻ പ്രവർത്തന പരിധിയിൽ വരുന്ന ഇടുക്കി, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ആയിരത്തിൽപ്പരം പ്രാഥമിക ക്ഷീരസംഘങ്ങളിലെ കർഷകർക്കായി സമ്പൂർണ്ണവും, സമഗ്രവുമായ കന്നുകാലി ഇൻഷൂറൻസും മൃഗസംരക്ഷണ പദ്ധതികളും നടപ്പാക്കുമെന്ന് മിൽമ എറണാകുളം മേഖലാ യൂണിയൻ ചെയർമാൻ എം ടി ജയൻ അറിയിച്ചു.ഇൻഷുറൻസിൻറെ പ്രീമിയം സബ്സിഡി, മൃഗഡോക്ടറുടെ സേവനം, മിനറൽ മിക്സ് വിതരണം, വാട്സാപ്പ് വഴിയുള്ള ടെലിമെഡിസിൻ എന്നിവയ്ക്കായി അഞ്ച് കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.ഇന്ത്യയിൽ ആദ്യമായിട്ടാണ് ഒരു ക്ഷീര സഹകരണ പ്രസ്ഥാനം ഇത്രയും വിപുലമായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നത്. ഡോക്ടർമാർ വീടുകളിൽ വന്ന് കന്നുകാലികളെ പരിശോധിക്കുകയും ആവശ്യമായ മരുന്നുകൾ നൽകുകയും, ഇൻഷുറൻസ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നു. ഇൻഷർ ചെയ്യുന്ന കർഷകൻറെ ആദ്യത്തെ ഉരുവിന് 300 രൂപയും, പിന്നീട് ഓരോ ഉരുവിനും 100 രൂപ വീതവും എന്ന നിലയിലാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഉരു ഒന്നിന് 500 രൂപ നിരക്കിൽ ഒരു കർഷകൻറെ നാല് ഉരുക്കൾക്ക് വരെ യൂണിയൻ പ്രീമിയം സബ്സിഡി നൽകുന്നു. കാലികൾ മരണപ്പെടുകയോ സ്ഥിരമായ വൈകല്യം സംഭവിക്കുകയോ ചെയ്താൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും.ഇൻഷർ ചെയ്യുന്ന എല്ലാ പശുക്കൾക്കും എൻഡിഡിബിയുടെ സഹായത്തോടു കൂടി ഏകദേശം 500 രൂപ വിലവരുന്ന മിനറൽ മിക്സ്ച്ചർ സൗജന്യമായും നൽകുമെന്നും ജയൻ അറിയിച്ചു.

മിൽമയുടെ ഡോക്ടർമാർ ക്ഷീര സഹകരണസംഘങ്ങളിലെത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും. കർഷകരെ ഏറ്റവും പ്രതിസന്ധിയിലാക്കുന്ന കന്നുകാലികളിലെ വന്ധ്യതാ നിവാരണ ചികിത്സയുൾപ്പെടെ ഈ ക്യാമ്പിലൂടെ നൽകും. ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്ത പശുക്കൾ മരണപ്പെടുമ്പോൾ മേഖലാ യൂണിയൻ ആശ്വാസ സഹായമായി 15000 രൂപ കർഷകർക്ക് നൽകിവരുന്നുണ്ട്. എന്നാൽ ഇത് കർഷകർക്ക് വരുന്ന സാമ്പത്തിക നഷ്ടത്തിൻറെ ചെറിയ ഭാഗം മാത്രമേ ആകുന്നുള്ളൂ. അതിനാലാണ് സമ്പൂർണ ഇൻഷുറൻസ് എന്ന ആശയം ഉയർന്നു വന്നതെന്നും ജയൻ ചൂണ്ടിക്കാട്ടി.കന്നുകാലികളുടെ ഗുരുതരമല്ലാത്ത രോഗങ്ങൾ ക്ഷീരസഹകരണ സംഘം സെക്രട്ടറി വഴി ഡോക്ടർമാരെ അറിയിച്ചാൽ നൽകേണ്ട മരുന്നുകളുടെ വിവരം വാട്സപ്പിൽ ലഭ്യമാക്കുന്ന ടെലിമെഡിസിൻ സംവിധാനവും ആരംഭിച്ചിട്ടുണ്ട്. വളരെ ലളിതമായ രീതിയിൽ ഗുരുതരമല്ലാത്ത രോഗങ്ങൾക്ക് പരിഹാരം കാണുവാൻ ഇതിലൂടെ കഴിയും. ഈ പദ്ധതികളുടെ ഔദ്യോഗിക ഉദ്ഘാടനം ദേശീയ ക്ഷീരദിനത്തിൽ നടത്തുകയും സംഘങ്ങളിൽ ഇവ ആരംഭിച്ചതായും എം ടി ജയൻ അറിയിച്ചു.

# ഐസിഐസിഐ പ്രുഡൻഷ്യൽ- ഉജ്ജീവൻ എസ്എഫ്ബി സഹകരണം

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസും ഉജ്ജീവന് സ്മോൾ ഫിനാൻസ് ബാങ്കും പങ്കാളിത്തത്തിൽ ഏർപ്പെട്ടു. ഇതിന്റെ ഭാഗമായി ഉജ്ജീവൻ എസ്എഫ്ബിയുടെ 26 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 700ലധികം ശാഖകളിലൂടെ ഉപഭോക്താക്കൾക്ക് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫിൻറെ ഉപഭോക്തൃ സൗഹൃദ സംരക്ഷണം, ദീർഘകാല സേവിംഗ്സ്, റിട്ടയർമെൻറ് പദ്ധതികൾ ലഭ്യമാക്കും. ഉപഭോക്താക്കൾക്ക് ഐസിഐസിഐ പ്രു ഗിഫ്റ്റ് പ്രൊ, ഐസിഐസിഐ പ്രു ഗോൾഡ്, ഐസിഐസിഐ പ്രു സിഗ്നേച്ചർ എന്നിവ സൗകര്യപൂർവ്വം വാങ്ങാൻ കഴിയും. ദീർഘകാലത്തേക്ക് ഒരു സേവിംഗ്സിനോടൊപ്പം ഐസിഐസിഐ പ്രു ഗ്യാരണ്ടീഡ് പെൻഷൻ പ്ലാൻ ഫ്ലെക്സി, ഉജ്ജീവൻ എന്നിവ നൽകും. ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് ഉജ്ജീവന് സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ ഇട്ടിര ഡേവിസ് പറഞ്ഞു.




# യുഎൻ സമ്മേളനത്തിൽ പുതിയ ഉത്പന്നം ഒബീലിയ അവതരിപ്പിച്ച് കെഎസ് യുഎം സ്റ്റാർട്ടപ്പ്

**കൊച്ചി:** കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ദുബായിയിൽ നടന്ന ഐക്യരാഷ്ട്ര സംഘടനയുടെ കൂട്ടായ്മയായ കോപ് 28 അന്താരാഷ്ട്ര സമ്മേളനത്തിൽ പുതിയ ഉത്പന്നമായ ഒബീലിയ അവതരിപ്പിച്ച് കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്നുള്ള സാറാ ബയോടെക്. ആഗോളതലത്തിൽ പങ്കെടുത്ത 22 സ്റ്റാർട്ടപ്പുകളിൽ ഈ സമ്മേളനത്തിൽ അവതരണം നടത്താൻ അവസരം ലഭിച്ച ഏക ഇന്ത്യൻ സ്റ്റാർട്ടപ്പാണ് വിദ്യാർഥി സംരംഭമായ സാറാ ബയോടെക്.സീവീഡ് സാങ്കേതികവിദ്യയിലൂടെ കടൽപായലുകൾ വഴി അന്തരീക്ഷത്തിലെ കാർബൺ വലിച്ചെടുത്ത് വളരുന്ന ആൽഗകൾ ഉപയോഗിച്ച് ബിസ്ക്കറ്റ് നിർമ്മിക്കുകയാണ് ഇവർ ചെയ്യുന്നത്. ഏറെ പ്രോട്ടീൻ സമ്പുഷ്ടമായ ഈ ഉത്പന്നം വളരെ കുറഞ്ഞ അളവിൽ മാത്രം കഴിച്ചാൽ മതിയാകുമെന്നതിനാൽ പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ തുടങ്ങിയവർക്ക് ഏറെ ഗുണകരമാണെന്ന് കമ്പനിയുടെ സ്ഥാപകനും സിഇഒയുമായ നജീബ് ബിൻ ഹനീഫ് പറഞ്ഞു.അന്തരീക്ഷത്തിലെ കാർബൺ വലിച്ചെടുക്കുന്നത് കൂടുതലും മരങ്ങളാണ്. എന്നാൽ നാഗരിക അന്തരീക്ഷത്തിൽ വനവത്കരണത്തിന് ഏറെ പരിമിതികളുണ്ടെന്ന് നജീബ് ചൂണ്ടിക്കാട്ടി. അതിനാൽ മരങ്ങൾക്ക് സമാനമായ രീതിയിൽ കാർബൺ വലിച്ചെടുക്കുന്ന ആൽഗകളുള്ള ടാങ്ക് വയ്ക്കുന്നതിലൂടെ ഇത് പരിഹരിക്കാനാകും. നാല് ടാങ്കുകൾ ഒരു വലിയ വൃക്ഷത്തിൻറെ ഫലം ചെയ്യുമെന്ന് നജീബ് പറഞ്ഞു.

ഈ നൂതന ഉത്പന്നത്തിന് കോപ്28 ൽ ഏറെ പ്രശംസ ലഭിച്ചു. ദുബായ് ഭരണകൂടം ഉൾപ്പെടെ ഇതിൻറെ സാധ്യതകളെക്കുറിച്ച് കൂടുതൽ കൂടിയാലോചനകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ഈ സാങ്കേതികവിദ്യ ഉപയോഗിക്കാവുന്ന ഏറ്റവും മികച്ച കാലാവസ്ഥയുള്ളത് ഗൾഫ് രാജ്യങ്ങളിലായതിനാൽ ഇതിന് സാധ്യതയേറെയാണ്.തൃശൂരിലെ സഹൃദയ കോളേജ് ഓഫ് എൻജിനീയറിംഗിലെ കേരള സ്റ്റാർട്ടപ്പ് മിഷൻറെ ഐഇഡിസി സെൻറർ വഴിയാണ് ഇവർ സംരംഭകത്വത്തിലേക്ക് കടന്നത്. കളമശേരിയിലെ സ്റ്റാർട്ടപ്പ് മിഷൻ ഓഫീസിലും ഡികാർബണൈസിംഗ് ടാങ്ക് ഇവർ ഘടിപ്പിച്ചിട്ടുണ്ട്.പുതിയ ഉത്പന്നമായ ഒബീലിയയുടെ ഡിസൈനും നിർമ്മാണവും പൂർണമായും കെഎസ് യുഎമ്മിന് കീഴിലുള്ള ഫാബ് ലാബ് കേരളയിലാണ് നടത്തിയത്. സുസ്ഥിര വസ്തുക്കൾ ഉപയോഗിച്ച് തന്നെ ഇതിൻറെ നിർമ്മാണം നടത്തണമെന്ന തീരുമാനത്തിൽ പുനരുപയോഗിച്ച 140 കിലോ പ്ലാസ്റ്റിക് ഉപയോഗിച്ചാണ് നിർമ്മാണം നടത്തിയത്. ഇൻറർനെറ്റ് ഓഫ് തിംഗ്സ്(ഐഒടി) ഉപയോഗിച്ചുള്ള ഇലക്ട്രോണിക് മൊഡ്യൂളും ഫാബ് ലാബാണ് രൂപകൽപന ചെയ്തിട്ടുള്ളത്.ഒബീലിയയുടെ പാരിസ്ഥിതിക പ്രാധാന്യം പൂർണമായും ഉൾക്കൊണ്ടാണ് ഇതിൻറെ രൂപകൽപന നടത്തിയതെന്ന് ഫാബ് ലാബ് കേരള പ്രൊജക്ട് ഡയറക്ടർ കാർത്തിക് പരശുരാമൻ പറഞ്ഞു. ഇതിൻറെ വെളിച്ചത്തിലാണ് പുനരുപയോഗിക്കാവുന്ന പ്ലാസ്റ്റിക്കെന്ന ആശയത്തിലേക്കെത്തിയത്. ബെംഗളുരുവിലെ സ്റ്റീയർ എൻജിനീയറിംഗിൽ നിന്നാണ് പ്ലാസ്റ്റിക് വാങ്ങിയതെന്നും അദ്ദേഹം പറഞ്ഞു.ബീലൈറ്റ് എന്ന ബ്രാൻഡിൽ നേരത്തെ തന്നെ ആൽഗകൾ ഉപയോഗിച്ചുള്ള ബിസ്ക്കറ്റ് സാറാ ടെക്നോളജീസ് വിപണിയിലെത്തിച്ചിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾചർ റിസർച്ച്സെൻറർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജീസ് (ഐസിഎആർസിഐഎഫ്ടി) യുമായി സഹകരിച്ചാണ് സാറാ ബയോടെക് ഈ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുത്തത്.

# കർഷകർക്കും ചെറുകിട സംരംഭകർക്കുമായി ബയർ സെല്ലർ സംഗമം

**കൊച്ചി:** ചെറുധാന്യങ്ങൾ (മില്ലറ്റ്) ഉൾപ്പെടെയുള്ള ഭക്ഷ്യകാർഷികോൽപന്നങ്ങൾ ഇടനിലക്കാരില്ലാതെ ആവശ്യക്കാരിലെത്തിക്കാൻ ബയർസെല്ലർ സംഗമം. കൊച്ചിയിൽ ഡിസംബർ 28 മുതൽ 30 വരെ നടക്കുന്ന മില്ലറ്റ്മീൻ പ്രദർശന ഭക്ഷ്യമേളയിൽ നടക്കുന്ന ബയർ സെല്ലർ സംഗമത്തിന് കേരളത്തിന് പുറമെ തമിഴ്നാട്ടിലെയും കർണാടകയിലെയും കർഷകർ, കർഷക ഉൽപാദന കമ്പനികൾ, സ്വയം സഹായക സംഘങ്ങൾ, സംരംഭകർ കാർഷിക സ്റ്റാർട്ടപ്പുകൾ തുടങ്ങിയവർ നേരിട്ടെത്തും. ഇവരുടെ ഉൽപന്നങ്ങൾ പരിചയപ്പെടാനും വ്യാപാരബന്ധമുണ്ടാക്കാനും അവസരമുണ്ടാകും. ചെറുധാന്യങ്ങളുടെ പോഷകആരോഗ്യ ഗുണങ്ങൾ പ്രചരിപ്പിക്കുന്നതിനൊപ്പം ഉൽപാദകരിൽ നിന്ന് നേരിട്ട് ഉൽപന്നങ്ങൾ സ്വന്തമാക്കാൻ അവസരമൊരുക്കുകയും ഇതരസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ചെറുധാന്യങ്ങൾക്ക് കേരളത്തിൽ വിപണിയൊരുക്കകയുമാണ് ലക്ഷ്യം. കേരളത്തിലെ സംരംഭകരുടേതുൾപ്പടെയുള്ള ചാമ, റാഗി, തിന, കമ്പ്, ചോളം, വരഗ്, പനിവരഗ്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങളും അവയിൽ നിന്നുണ്ടാക്കുന്ന ഉൽപന്നങ്ങളും ബയർസെല്ലർ സംഗമത്തിലുണ്ടാകും. കൂടാതെ, മീനുകളിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളും സുഗന്ധവ്യഞ്ജന ഉൽപന്നങ്ങളുമുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചും അവയുടെ കീഴിലുള്ള കർഷക ഉൽപാദന കമ്പനികളും സംരംഭകരും സംഗമത്തിനെത്തും.

ഉൽപ്പന്നങ്ങൾ നേരിട്ട് വാങ്ങാനും വ്യാപാര ബന്ധം തുടങ്ങാനും താൽപര്യമുള്ള ഉപഭോക്താക്കൾ, വ്യാപാരികൾ, മൊത്തകച്ചവടക്കാർ, സർക്കാർസഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് സംഗമം പ്രയോജനപ്പെടും.ബയർസെല്ലർ സംഗമത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർ, സംരംഭകർ, ഉൽപാദക കമ്പനികൾ തുടങ്ങിയവർക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യാം. ഫോൺ9496303457.

# വന്യമൃഗ ശല്യം ശാശ്വതമായി പരിഹരിക്കണം: കേരള കാത്തലിക് ഫെഡറേഷൻ

**കൊച്ചി:** നാണ്യവിള വില തകർച്ചയിൽ ദുരിതമനുഭവിക്കുന്ന മലയോര കർഷകർക്കു വിനയായി വന്യമൃഗ ശല്യവും വർദ്ധിച്ചു വരുന്നു.

വന്യമൃഗ ശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളണമെന്ന് കേരള കാത്തലിക് ഫെഡറേഷൻ എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. കൂടാതെ, അതിജീവനത്തിനായി തിരുവനന്തപുരം അതിരൂപത, വിഴിഞ്ഞത്തു നടത്തിയ സമരത്തോടനുബന്ധിച്ച് സഭാപിതാക്കന്മാർക്കും അല്മായർക്കു മെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്രയും വേഗം പിൻവലിക്കാൻ സത്വരനടപടികൾ ഉണ്ടാകണമെന്നു യോഗം സർക്കാരിനോടു ആവശ്യപ്പെട്ടു. പ്രസിഡന്റ് പ്രൊഫ. കെ.എം ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കെസിബിസി സെക്രട്ടറി ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ജെസ്റ്റിൻ കരിപ്പാട്ട്, വി. പി. മത്തായി, ബാബു അമ്പലത്തുംകാല, ഷിജി ജോൺസൺ, ഇ. ഡി. ഫ്രാൻസിസ്, വർഗീസ് കോയിക്കര, ജെസ്റ്റീന ഇമ്മാനുവൽ, വൽസ ജോൺ എന്നിവർ പ്രസംഗിച്ചു.

# ഇസുസു ഐ കെയർ വിന്റർ ക്യാമ്പ് സംഘടിപ്പിക്കുന്നു

**കൊച്ചി:** ഇസുസു മോട്ടേഴ്സ് ഇന്ത്യ ഇസുസു ഡി മാക്സ് പിക്ക് അപ്പുകൾക്കും എസ് യുവികൾക്കുമായി ഐ കെയർ വാർഷിക വിന്റർ ക്യാമ്പ് ആരംഭിക്കുന്നു. ഡിസംബർ 18 മുതൽ ഡിസംബർ 23 വരെ എല്ലാ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിലും ഉപഭോക്താക്കൾക്ക് സർവീസ് ആനുകൂല്യങ്ങൾ ലഭിക്കും. സൗജന്യ 37 പോയിന്റ് സമഗ്ര പരിശോധന,സൗജന്യ ടോപ്പ് വാഷ്, പണിക്കൂലിയിൽ 10 ശതമാനം കിഴിവ്,പാർട്സുകൾക്ക് അഞ്ചു ശതമാനം കിഴിവ്,ലൂബ്രിക്കന്റുകൾക്കും ഫ്ളൂയിഡുകൾക്കും അഞ്ചു ശതമാനം കിഴിവ് എന്നിവയാണ് ഇസുസു ഐ കെയർ വിന്റർ ക്യാമ്പിൽ നിന്നും ലഭിക്കുന്നത്.




# വാണിജ്യ ബന്ധം വിസ്തൃതമാക്കാൻ ഡിപി വേൾഡിന്റെ എസ് ഐ ജി സർവ്വീസിന് തുടക്കം

**കൊച്ചി:** ഡിപി വേൾഡ് കൊച്ചി ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ (ഐസിടിടി) എസ് ഐ ജി എന്ന പുതിയ പ്രതിവാര ചരക്കുനീക്ക സേവനത്തിന് തുടക്കം കുറിച്ചു. വൺ ലൈൻ കമ്പനി നിർവ്വഹണം നടത്തുന്ന പുതിയ സർവ്വീസ് സൗത്ത് ഈസ്റ്റ് ഏഷ്യയ്ക്കും മിഡിൽ ഈസ്റ്റിനും ഇടയിൽ ഇന്ത്യയുടെ വാണിജ്യബന്ധത്തെ ശക്തിപ്പെടുത്തും. കഴിഞ്ഞ ഏഴിന് എം വി സഫീൻ പ്രിസം എന്ന കപ്പലിനെ വരവേറ്റുകൊണ്ട് കൊച്ചി ഡിപി വേൾഡ് എസ് ഐ ജി സർവ്വീസ് ഫ്ളാഗ് ഓഫ് ചെയ്തു.പുതിയ പ്രതിവാര സർവ്വീസിന്റെ ഭാഗമായി 2800 ടിഇയു ശേഷിയുള്ള നാല് കപ്പലുകൾ മിഡിൽ ഈസ്റ്റിനും സൗത്ത് ഈസ്റ്റ് ഏഷ്യയ്ക്കും ഇടയിൽ നേരിട്ട് ചരക്കുനീക്കം നടത്തും.

ഇത് കൊച്ചിക്കും ഉൾപ്രദേശങ്ങൾക്കും ഫാർ ഈസ്റ്റ്, തെക്കുകിഴക്കൻ ഏഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ്, ലാറ്റിൻ അമേരിക്ക, യുണൈറ്റഡ് സ്റ്റേറ്റ്സ് വെസ്റ്റ് കോസ്റ്റ്, കാനഡ എന്നിവിടങ്ങളിലേക്കും തിരിച്ചും സർവ്വീസിന് പാതയൊരുക്കും. സിംഗപ്പൂർ നവ ഷെവ മുന്ദ്ര ദമ്മാം ജബൽ അലി കൊച്ചി കൊളംബോ സിംഗപ്പൂർ എന്നിവയ്ക്കിടയിൽ തുറമുഖ റൊട്ടേഷൻ എസ് ഐ ജി ഉൾക്കൊള്ളുന്നു.ആഗോള വാണിജ്യത്തിൽ ഇന്ത്യയുടെ കണക്റ്റിവിറ്റി ശക്തിപ്പെടുത്തുന്നതിനു നിരന്തരം നടത്തുന്ന യത്നങ്ങളിലെ സുപ്രധാന നാഴികക്കല്ലാണ് എസ്ഐജി സേവനമെന്നു ഡിപി വേൾഡ് സബ്കോണ്ടിനെന്റ്, മെന റീജിയൻ പോർട്ട്സ് ആൻഡ് ടെർമിനൽസ് സിഒഒ രവീന്ദർ ജോഹൽ പറഞ്ഞു, വാണിജ്യ ശൃംഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നേരിട്ടുള്ള വ്യാപാര വഴികൾ ഒരുക്കുന്നതിനും സാമ്പത്തിക വളർച്ച ശക്തിപ്പെടുത്തുന്നതിനും ഡിപി വേൾഡ് പുലർത്തുന്ന പ്രതിബദ്ധതയെ വ്യക്തമാക്കുന്നതാണ് ഈ സംരംഭം. എസ് ഐ ജി സേവനത്തിലൂടെ, തെക്കുകിഴക്കൻ ഏഷ്യയിലും മിഡിൽ ഈസ്റ്റിലും ഉടനീളം പുതിയ വിപണികൾ കണ്ടെത്താൻ എക്സിം ബിസിനസുകൾക്ക് അവസരം നൽകും.



# കുഫോസും വിദ്യോദയ സ്കൂളും ധാരണാപത്രം ഒപ്പുവെച്ചു

**കൊച്ചി:** വിദ്യാർത്ഥികളെ ലക്ഷ്യമിട്ട്, ശാസ്ത്ര സാങ്കേതിക വിജ്ഞാന വ്യാപന രംഗത്ത് സഹകരിച്ച് പ്രവർത്തിക്കാൻ കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയും (കുഫോസ്) തേവയ്ക്കൽ വിദ്യോദയ സ്കൂളും ധാരണ പത്രത്തിൽ ഒപ്പുവെച്ചു. കുഫോസിൽ നടന്ന ചടങ്ങിൽ ഇതു സംബന്ധിച്ച ധാരണാപത്രം വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാറിന്റെ സാന്നിധ്യത്തിൽ കുഫോസ് രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളിയും വിദ്യോദയ സ്കൂൾ എക്സിക്യൂട്ടീവ് ട്രസ്റ്റി ഡോ.പി.ശ്രീകുമാറും ഒപ്പുവെച്ചു. മിടുക്കരായ വിദ്യാർത്ഥികളെ ശാസ്ത്രവിഷയങ്ങളിലേക്ക് ആകർഷിക്കാനുള്ള പദ്ധതിയുടെ ഭാഗമായാണ് കുഫോസ് ശാസ്ത്ര സാങ്കേതിക വിജ്ഞാപന വ്യാപന രംഗത്ത് സ്കൂളുകളുമായി സഹകരിക്കുന്നത് . ഇതിനായി കൂടുതൽ സ്കൂളുകളുമായി സഹകരണം വ്യാപിപ്പിക്കും. ധാരണയനുസരിച്ച് വിദ്യോദയ സ്കൂളിലെ സെക്കണ്ടറി, സീനിയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കുഫോസിലെ ആധുനിക ലാബോറട്ടറി സൗകര്യങ്ങൾ പ്രയോജനപ്പെടുത്താം. കുഫോസ് വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ഡെയ്സി കാപ്പൻ, ഡോ.അനു ഗോപിനാഥ്, വിദ്യോദയ സ്കൂൾ പ്രിൻസിപ്പൽ ഗീതാ രാജീവ്,അധ്യാപകരായ എം.പി.ശ്രീലക്ഷി , എം.എസ്.സിന്ധു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# വിലക്കുറവിൽ ഒല ഇവി എസ്1 എക്സ് പ്ലസ് സ്കൂട്ടറുകൾ

## എസ്1 എക്സ് പ്ലസിനയ്ക്ക് കിഴിവ് 20,000 രൂപ

**കൊച്ചി:** ഡിസംബർ ടു റിമംബർ കാംപയിൻ പ്രഖ്യാപിച്ച് ഒല ഇലക്ട്രിക്കൽ വെഹിക്കിൾ കമ്പനി. പ്രചാരണത്തിന്റെ ഭാഗമായി ഒല എസ്1 എക്സ് പ്ലസ് വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭിക്കും. കാംപയിന്റെ ഭാഗമായി എസ്1 എക്സ് പ്ലസിന 20,000 രൂപയാണ് കിഴിവ് ലഭിക്കുന്നത്. ഇതോടെ എസ്1 എക്സ് പ്ലസ് വില 89,999 രൂപയാകുന്നുവെന്ന് മാത്രമല്ല ഏറ്റവും ചെലവ് കുറഞ്ഞ ഇ. വി സ്കൂട്ടറുകളിൽ ഒന്നായി മാറുകയും ചെയ്യുന്നുവെന്ന് ഒല ചീഫ് മാർക്കറ്റിംഗ് ഓഫീസർ അൻഷുൽ ഖണ്ഡേൽവാൾ പറഞ്ഞു. ഉയർന്ന നിലവാരത്തിലുള്ള പ്രകടനം, നൂതന സാങ്കേതിക സവിശേഷതകൾ, മികച്ച റൈഡ് നിലവാരം, താങ്ങാനാവുന്ന വില എന്നിവ എസ്1 എക്സ് പ്ലസിന്റെ ഗുണങ്ങളാണ്. 3സണവ ബാറ്ററിയിൽ 151 കിലോമീറ്റർ സർട്ടിഫൈഡ് റേഞ്ചാണ് വാഗ്ദാനം ചെയ്യുന്നത്. 6സേണ മോട്ടോർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എസ്1 എക്സ് പ്ലസ് 3.3 സെക്കൻഡിനുള്ളിൽ മണിക്കൂറിൽ 0.40 കിലോമീറ്റർ വേഗത കൈവരിക്കുന്നു. പരമാവധി വേഗത മണിക്കൂറിൽ 90 കിലോമീറ്ററാണെന്നും അദ്ദേഹം പറഞ്ഞു.

നവംബർ മാസത്തിൽ 30,000 യൂണിറ്റുകളുടെ റെക്കോർഡ് വിൽപനയിലൂടെ ഒല ഇലക്ട്രിക് നേട്ടം കൈവരിച്ചതായും അൻഷുൽ ഖണ്ഡേൽവാൾ പറഞ്ഞു. ഉപഭോക്താക്കൾക്ക് തിരഞ്ഞെടുത്ത ക്രെഡിറ്റ് കാർഡുകളിൽ 5,000 രൂപ വരെ കിഴിവുകളും ക്രെഡിറ്റ് കാർഡ് ഇഎംഐകളും ലഭിക്കും. ഫിനാൻസ് ഓഫറുകളിൽ സീറോ ഡൗൺ പേയ്മെന്റ്, സീറോപ്രോസസ്സിംഗ് ഫീസ്, 6.99 ശതമാനം വരെ കുറഞ്ഞ പലിശ നിരക്ക് എന്നിവയും ഉൾപ്പെടുന്നു.




എസ്1 പോർട്ട്ഫോളിയോ അഞ്ച് സ്കൂട്ടറുകളായി വർധിപ്പിച്ച ഒലയുടെ മുൻനിര സ്കൂട്ടർ രണ്ടാം തലമുറ എസ്1 പ്രൊ ആണ്. ഇതിന് 1,47,499 രൂപയാണ് വില. 1,19,999 രൂപ വിലയുള്ള എസ്1 എയറിന് പുറമേ വൈവിധ്യമാർന്ന മുൻഗണനകളുള്ള റൈഡർമാരുടെ ആവശ്യകതകൾ നിറവേറ്റുന്നതി എസ്1 എക്സ് മൂന്ന് വേരിയന്റുകളും ലഭ്യമാണ്.

# ചെറുകിട സംരംഭങ്ങൾക്ക് അവസരമൊരുക്കി മീഷോ

**കൊച്ചി:** ഇകോമേഴ്സ് വിപണിയായ മീഷോ ഒക്ടോബർ മുതൽ ഇതുവരെ 25,000ത്തോളം ജിഎസ്ടി ഇതര വിൽപനക്കാരെ ഉൾപ്പെടുത്തിയതായി മീഷോ ബിസിനസ് സിഎക്സ്ഒ മേഘ അഗർവാൾ പറഞ്ഞു. ജിഎസ്ടി ഇല്ലാത്തവരേയും വിൽപനക്കാരായി രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന വിധത്തിൽ 2023 ഒക്ടോബർ ഒന്നു മുതൽ മീഷോ തങ്ങളുടെ സാങ്കേതികവിദ്യാ സംവിധാനങ്ങളിൽ മാറ്റം വരുത്തിയിരുന്നു.

40 ലക്ഷം രൂപയിൽ താഴെ വിൽപനയുള്ളവരെ ജിഎസ്ടി രജിസ്ട്രേഷൻ ഇല്ലെങ്കിലും ഇകോമേഴ്സ് സംവിധാനങ്ങളിൽ പ്രവേശിപ്പിക്കാമെന്ന ജിഎസ്ടി കൗൺസിലിന്റെ പ്രഖ്യാപനത്തിനു പിന്നാലെയായിരുന്നു ഈ നീക്കം. കഴിഞ്ഞ രണ്ടു മാസങ്ങളിലായി മീഷോയിൽ പുതുതായി രജിസ്റ്റർ ചെയ്ത വിൽപനക്കാരിൽ 40 ശതമാനം ജിഎസ്ടി ഇതര വിൽപനക്കാരായിരുന്നു. പുതുതായി രജിസ്റ്റർ ചെയ്ത ജിഎസ്ടി ഇതര വിൽപനക്കാർ 1.3 ലക്ഷത്തിലേറെ ഉൽപന്നങ്ങളാണു ലിസ്റ്റു ചെയ്തിട്ടുള്ളത്. 80 ശതമാനത്തിലേറെ ഉൽപന്നങ്ങളും മീഷോയിൽ ആദ്യമായി എത്തുന്നവയുമാണ്. എല്ലാവരേയും ഡിജിറ്റൽ സംവിധാനത്തിലേക്ക് എത്തിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധത കൂടുതൽ വ്യക്തമാക്കുന്നതാണ് ഈ നീക്കമെന്നും മേഘ അഗർവാൾ പറഞ്ഞു. പത്തു ദശലക്ഷം വിൽപനക്കാരെ 2027ഓടെ ഡിജിറ്റൽവൽക്കരിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും മേഘ അഗർവാൾ പറഞ്ഞു.

# ആമസോണിൽ ഹോം ഷോപ്പിംഗ് സ്പ്രീ 16 മുതൽ

**തിരുവനന്തപുരം:** ഹോം, കിച്ചൻ, ഔട്ട്!ഡോർ ഉൽപ്പന്നങ്ങൾക്ക് 70% വരെ ഇളവുകളുമായി ആമസോണിൽ ഹോം ഷോപ്പിംഗ് സ്പ്രീ ഡിസംബർ 16 മുതൽ 19 വരെ. ഗീസർ, റൂം ഹീറ്ററുകൾ മുതലായ വിൻറർ എസ്സെൻഷ്യലുകൾക്ക് മികച്ച ഓഫറുകൾ ലഭ്യമാണ്. ഹാവെൽസ്, ലിവ്ഗാർഡ്, ലുമിനസ് എന്നീ ബ്രാൻഡുകളിൽ ആകർഷകമായ ഡീലുകളും ഹോം ഫർണിച്ചറുകൾക്ക് മികച്ച ഓഫറുകളും ഹോം ഷോപ്പിംഗ് സ്പ്രീയിൽ ലഭ്യമാണ്. സിറ്റി ബാങ്ക്, കൊട്ടക് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ എന്നിവയിൽ നിന്ന് 10% ഇൻസ്റ്റൻറ് ബാങ്ക് ഡിസ്ക്കൗണ്ടും ലഭ്യമാണ്.ക്രിസ്മസ് ലൈറ്റിംഗ്സ്, ഹോം ഡെക്കറേഷന്, ക്രിബ് സെറ്റ്, ക്രിസ്!മസ് കേക്ക് മോൾഡുകൾ, ബേക്കിംഗ് ടൂൾസ് അപ്ലയൻസസ്, വിൻറർ ഗ്ലൗവ്!സ് ആൻറ് റൈഡിംഗ് ജാക്കറ്റുകൾ എന്നിവയ്ക്ക് 40% മുതൽ 70% വരെ ഇളവ് ലഭിക്കും.

# ജിയോ പ്രീപെയ്ഡ് ഉപയോക്താക്കൾക്ക് ജിയോ ടി വി പ്രീമിയം പ്ലാനുകൾ

**കൊച്ചി:** ജിയോ പ്രീപെയ്ഡ് ഉപയോക്താക്കൾക്കായി ജിയോ ടി വി പ്രീമിയം പ്ലാനുകൾ അവതരിപ്പിച്ചു. അൺലിമിറ്റഡ് ഡാറ്റ, അൺലിമിറ്റഡ് കോളുകൾ , എസ്എംഎസ്, എന്നിവയ്ക്കൊപ്പം 14 പ്രമുഖ ഒ ടി ടി സബ്സ്ക്രിപ്ഷനുകൾ വരെ ഉൾപ്പെടുന്ന പ്രതിമാസ, ത്രൈമാസ, വാർഷിക പ്ലാനുകളാണ് ജിയോ പുറത്തിറക്കിയിരിക്കുന്നത്. പ്രതിമാസം 1000 രൂപ മൂല്യമുള്ള 14 ഒ ടി ടി സബ്സ്ക്രിപ്ഷനുകൾ അധിക ചെലവില്ലാതെ ഈ പ്രീപെയ്ഡ് പ്ലാനുകളിൽ ബണ്ടിൽ ചെയ്തിരിക്കുന്നു.28 ദിവസത്തേക്ക് 398 രൂപ, 84 ദിവസത്തേക്ക് 1198 രൂപ , 365 ദിവസത്തേക്ക് 4498 രൂപ എന്നിങ്ങനെയാണ് പ്ലാനുകൾ.

ദേശീയ, അന്തർദേശീയ, പ്രാദേശിക ഉള്ളടക്കമുള്ള 14 ഒ ടി ടി ആപ്പുകൾ ഈ പ്ലാനുകളിൽ സൗജന്യമായി ലഭ്യമാകും. ജിയോസിനിമ പ്രീമിയം, ഡിസ്നി + ഹോട്ട്സ്റ്റാർ, സീ 5, സോണി ലിവ്, പ്രൈം വീഡിയോ (മൊബൈൽ), ലയൺസ്ഗേറ്റ് പ്ലേ, ഡിസ്കവറി +, ഡോക്യുബേ, സൺനെക്സ്റ്റ്, ഹോയിചോയ്, പ്ലാനറ്റ് മറാഠി, ചൗപാൽ, എപിക്ഓൺ, കാഞ്ച ലങ്ക എന്നിവയാണ് ലഭ്യമാകുന്ന ഒ ടി ടി ആപ്പുകൾ.ഡിസംബർ 15 മുതൽ ഈ പ്ലാനുകൾ ലഭ്യമാകും.

## ഭിന്നശേഷിക്കാർക്ക് റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം

**കൊച്ചി:** ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 01/01/2000 മുതൽ 31/10/2023 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ പുതുക്കുവാനോ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/നോൺ ജോയിനിംഗ് സർട്ടിഫിക്കറ്റ് ചേർക്കുവാനോ കഴിയാതിരുന്ന ഉദ്യോഗാർത്ഥികൾക്ക് 31/01/2024 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ അവരുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കി സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതിന് ഇപ്പോൾ അവസരമുണ്ട്.

www.eemployment.kerala.gov.in നൽകിയിട്ടുള്ള സ്പെഷ്യൽ റിന്യൂവൽ ഓപ്ഷൻ വഴി ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക പുതുക്കൽ നടത്താം. കൂടാതെ 2023 ഡിസംബർ 13 മുതൽ 2024 ജനുവരി 31 വരെ രജിസ്ട്രേഷൻ കാർഡുമായി എറണാകുളം ഭിന്നശേഷിക്കാർക്കുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് എത്തിയോ ദൂതൻ മുഖേനയോ പ്രത്യേക പുതുക്കൽ നടത്താം. ഇത്തരത്തിൽ സീനിയോറിറ്റി പുനഃസ്ഥാപിച്ച് കിട്ടുന്നവർക്ക് റദ്ദായ കാലയളവിലെ തൊഴിലില്ലായ്മ വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ശിക്ഷ നടപടിയുടെ ഭാഗമായോ / മനഃപ്പൂർവ്വം ജോലിയിൽ ഹാജരാകാതിരുന്നതിനാലോ സീനിയോറിറ്റി നഷ്ടപ്പെട്ടവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി അർബൻ3 ഐ.സി.ഡി.എസ്. പ്രോജക്റ്റിന്റെ പരിധിയിൽ കൊച്ചി കോർപ്പറേഷന്റെ കീഴിലുള്ള 4 അങ്കണവാടികൾക്ക് ശിശുസൗഹൃദ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അംഗീകൃത ഏജൻസികൾ/ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മൽസരാടിസ്ഥാനത്തിലുള്ള ടെൻഡർ ക്ഷണിച്ചു.

ടെൻഡർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാകും.(ഫോൺ ഫോൺ നമ്പർ 048402706695,). ടെൻഡർ ഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി 28/12/2023 ഉച്ചയ്ക്ക് 2 വരെ.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** മുനിസിപ്പൽ കോർപ്പറേഷൻ മെയിൻ ഓഫീസിൽ വരുത്തുന്ന പഴയ ദിനപത്രങ്ങൾ മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷൻ ചെയ്ത് നൽകുന്നതിന് ഹാൻറ് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഡിസംബർ 19 രാവിലെ 11ന് ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറിയുടെ ഓഫീസിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 2369007, 2369196.

## ലോട്ടറി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പ്

**കൊച്ചി:** ജില്ലയിലെ ലോട്ടറി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു.

പൂരിപ്പിച്ച അപേക്ഷകൾ ഡിസംബർ 23 വരെ ജില്ലാ ലോട്ടറി ക്ഷേമനിധി ഓഫീസിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 04842351183.




# മലൈക്കോട്ടൈ വാലിബനിലെ ആദ്യ ഗാനം പ്രേക്ഷകരിലേക്ക്

മോഹൻലാൽ ലിജോ ജോസ് പെല്ലിശ്ശേരി ചിത്രം മലൈക്കോട്ടൈ വാലിബൻ ആരാധകരുടെ താളമേകുന്നതിന് ഇമ്പമേറുന്ന ആദ്യ ഗാനം റിലീസ് ചെയ്തു. പുന്നാര കാട്ടിലെ പൂവനത്തിൽ എന്ന ഗാനം സംഗീത സംവിധാനം ചെയ്തിരിക്കുന്നത് പ്രശാന്ത് പിള്ളയാണ്. പി എസ് റഫീഖ് രചന നിർവഹിച്ച ഗാനം ആലപിച്ചിരിക്കുന്നത് ശ്രീകുമാർ വാക്കിയിലും അഭയ ഹിരൺമയിയുമാണ്. പ്രേക്ഷക പ്രശംസയും ഒരു കോടിയിൽപ്പരം കാഴ്ചക്കാരെയും സ്വന്തമാക്കിയ വാലിബന്റെ ടീസറിനു ശേഷമാണ് ലിജോ ജോസ് പെല്ലിശ്ശേരി മോഹൻലാൽ ചിത്രത്തിന്റെ ഗാനം പ്രേക്ഷകരിലേക്ക് എത്തിയത്.

ഷിബു ബേബി ജോൺ, അച്ചു ബേബി ജോൺ എന്നിവരുടെ നേതൃത്വത്തിലുള്ള ജോൺ ആൻഡ് മേരി ക്രിയേറ്റിവിസ്, കൊച്ചുമോന്റെ ഉടമസ്ഥതയിലുള്ള സെഞ്ചറി ഫിലിംസ്, അനൂപിന്റെ മാക്സ് ലാബ്, വിക്രം മെഹ്റ, സിദ്ധാർഥ് ആനന്ദ് കുമാർ എന്നിവരുടെ ഉടമസ്ഥയിലുള്ള സരിഗമ ഇന്ത്യാ ലിമിറ്റഡ് എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ. ചിത്രത്തിന്റെ ഛായാഗ്രഹണം മധു നീലകണ്ഠൻ നിർവഹിച്ചിരിക്കുന്നു.ദീപു ജോസഫ് എഡിറ്റിംഗ് നിർവഹിക്കുന്ന ചിത്രത്തിന്റെ മേക്കപ്പ് റോണക്സ് സേവ്യറാണ്. മലയാളം, തമിഴ്, തെലുങ്ക് കന്നഡ, ഹിന്ദി എന്നീ ഭാഷകളിലാണ് ചിത്രം റിലീസാകുന്നത്. സൊണാലി കുൽക്കർണി, ഹരീഷ് പേരടി, ഡാനിഷ് സെയ്ത്, മനോജ് മോസസ്, കഥ നന്ദി, മണികണ്ഠൻ ആചാരി എന്നിവരും മറ്റ് ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന മലൈക്കോട്ടൈ വാലിബൻ 2024 ജനുവരി 25 ന് തിയേറ്ററുകളിലെത്തും. പി ആർ ഒ പ്രതീഷ് ശേഖർ.





# ടൈക്കോൺ കേരള സംരംഭക സമ്മേളനം ആരംഭിച്ചു

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ സംരംഭക സമ്മേളനമായ ടൈക്കോൺ കേരള 2023 കൊച്ചി ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ തുടക്കം.ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡിന്റെ എംഡി പത്മഭൂഷൺ സുചിത്ര എല്ല സമ്മേളനം ഉദ്ഘാടനം ചെയ്തു.എം.ആർ.എഫ് വൈസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ അരുൺ മാമ്മൻ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ആരോഗ്യ വ്യവസായ വാണിജ്യ പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് ഐഎഎസ്, ടൈ ഗ്ലോബൽ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ ശങ്കർ റാം എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യ വ്യവസായ വാണിജ്യ പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് ഐഎഎസ് ; ടൈ ഗ്ലോബൽ ചെയർ ബോർഡ് ഓഫ് ട്രസ്റ്റീസ് ശങ്കർ റാം, ടൈ കേരള പ്രസിഡന്റ് ദാമോദർ അവണൂർ, ടൈകോൺ കേരള 2023 വൈസ് പ്രസിഡന്റും ചെയർമാനുമായ ജേക്കബ് ജോയ്, ടൈ കേരള അവാർഡ് ചെയർ വിനയ് ജെയിംസ് കൈനടി, നവാസ് മീരാൻ, നിയുക്ത വൈസ് പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു

തമിഴ്നാട് ഇൻഫർമേഷൻ ടെക്നോളജി, ഡിജിറ്റൽ സേവന വകുപ്പ് മന്ത്രി ഡോ. പളനിവേൽ ത്യാഗരാജൻ, ഒല ഇലക്ട്രിക്കിന്റെ ഡിസൈൻ മേധാവി ശ്രീമതി കൃപാ അനന്തൻ തുടങ്ങി നിരവധി പ്രമുഖർ രണ്ടാം ദിവസം സുപ്രധാന വിഷയങ്ങളിൽ സംസാരിക്കും

ആയിരത്തിലധികം പ്രതിനിധികളും, ലോകമെമ്പാടുമുള്ള 40ലധികം സ്പീക്കർമാരും 50ലധികം പ്രമുഖ നിക്ഷേപകരും ഫണ്ട് ഹൗസുകളും പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

കേരള എയ്ഞ്ചൽ നെറ്റ്വർക്ക് ഇൻവെസ്റ്റർ മീറ്റ്, ടൈ യു പ്രോഗ്രാം, ടൈ വിമൻ പ്രോഗ്രാം, ടൈ യംഗ് എന്റർപ്രണേഴ്സ് പ്രോഗ്രാം, ക്യാപിറ്റൽ കഫേ തുടങ്ങിയവ രണ്ടാം ദിവസം നടക്കും.

## വാക്ഇൻഇൻറർവ്യൂ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് സീനിയർ റസിഡൻറ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു.

യോഗ്യത എം ബി ബി എസ്, എം എസ് (ഇഎൻടി)/ഡിഎൻബി/ (ഇഎൻടി). ശമ്പളം 70,000. ആറുമാസ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. താത്പര്യമുള്ളവർ വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ് എന്നിവ സഹിതം ഡിസംബർ 21 (വ്യാഴം) ന് മെഡിക്കൽ സൂപ്രണ്ടിന്റെ കാര്യാലയത്തിൽ രാവിലെ 10.30ന് നടക്കുന്ന വാക്ഇൻഇൻ്റർവ്യൂവിൽ പങ്കെടുക്കണം.

അന്നേ ദിവസം രാവിലെ 10.00 മുതൽ 10.30 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ഫോൺ:0484 2754000.

## താത്കാലിക ഒഴിവ്

**കൊച്ചി:** ഒരു സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനത്തിൽ ഹെൽപ്പർ തസ്തികയിൽ ഹിന്ദു നാടാർ, എസ്.ഐ.യു.സി നാടാർ, ധീവര, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള 4 താൽക്കാലിക ഒഴിവുകൾ നിലവിലുണ്ട്. താത്പ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഡിസംബർ 27നകം യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ് ചേഞ്ചിൽ നേരിട്ട് ഹാജരാകേണ്ടതാണ്.എസ്എസ്എൽസിയും പ്രിന്റിംഗ് ടെക്നോളജിയിൽ 3 വർഷത്തെ ഡിപ്ലോമയും അല്ലെങ്കിൽ എസ്എസ്എൽസിയും മെഷീൻ വർക്കിൽ കെ.ജി.ടി.ഇ/ എം.ജി.ടി.ഇ അല്ലെങ്കിൽ പ്രിന്റിംഗ് ടെക്നോളജിയിൽ വി.എച്ച്.എസ്.സിയോ തത്തുല്യ യോഗ്യതയോ മെഷീൻ വർക്കിൽ എൻ.സി.വി.ടി സർട്ടിഫിക്കറ്റ് എന്നിവയാണ് യോഗ്യത. ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീനിൽ രണ്ടു വർഷത്തെ പ്രവർത്തി പരിചയം വേണം. പ്രായം 1841. സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃത വയസ്സിളവ് ബാധകം.

## സൗജന്യ കോഴ്സ്

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സിലേക്ക് അപേക്ഷിക്കാം. കലൂർ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ് സ്കൂളിലാണ് കോഴ്സ് നടക്കുന്നത്.6മാസം കാലാവധിയുള്ള സോഫ്റ്റ് വെയർ ഡവലപർ എന്ന കോഴ്സിലേക്ക് പ്ലസ് ടു പാസായ 18 നും 35 നും ഇടയിൽ പ്രായമുള്ള ,എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ താമസിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാം.താൽപര്യമുള്ളവർ ഡിസംബർ 22നു മുൻപായി അപേക്ഷിക്കേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്ക് : 04842985252 എന്ന നമ്പറിൽ വിളിക്കുക.

## ക്വട്ടേഷൻ ക്ഷണിച്ചു

**ഇടുക്കി:** അഴുത ബ്ലോക്ക് പഞ്ചായത്തിൽ 202324 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായിട്ടുള്ള പ്രവൃത്തിക്ക് റീ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സംബന്ധിച്ച വിശദവിവരങ്ങൾ അഴുത ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04869 232790

# മനം മയക്കും ന്യൂ ഗിനിയ



മുഴുവൻ പേര് ന്യൂഗിനിയ ഇന്‌പേഷ്യൻസ്. ദക്ഷിണാർധ ഗോളത്തിൽ സ്ഥിതിചെയ്യുന്ന ഈ ദ്വീപിൽ കാണപ്പെടുന്ന പുഷ്പച്ചെടികൾ വിവിധരാജ്യങ്ങളിൽ എത്തിയപ്പോൾ ആ ദ്വീപിൻറെ പേരിലാണ് അറിയപ്പെട്ടത്. ബാൽസം എന്ന പേരുണ്ട്.

നേരിയ സൂര്യപ്രകാശമുള്ള ഏതൊരു സ്ഥലത്തും വളർത്താൻ കഴിയുമെന്നതാണ് ഈ ചെടികളുടെ പ്രത്യേകത. കാര്യമായ പരിചരണങ്ങൾ ആവശ്യമില്ല താനും. വീടിനകത്തും പൂന്തോട്ടത്തിലും വളർത്താം.

വാലേറിയാന, ഹാക്കറി എന്നിവയിൽ നിന്ന് ഉരുത്തിരിഞ്ഞ ഹൈബ്രിഡ് ഇനങ്ങളാണ് ന്യൂഗിനിയ. കടും പച്ച മുതൽ വെങ്കലം വരെ നിറമുള്ള ഇലകളോടുകൂടിയ വ്യത്യസ്തയിനങ്ങൾ. വെള്ള, ചുവപ്പ്, ഓറഞ്ച് തുടങ്ങിയ അനേകം നിറത്തിലുള്ള വലിയ പൂക്കൾ. രണ്ടും മൂന്നും നിറങ്ങളോടുകൂടിയ പൂക്കളും കുറവല്ല. പൂനയിൽ നിന്ന് രണ്ടു വർഷം മുന്പാണ് ചെടികൾ എത്തിയത്.

അധികം ബലമില്ലാത്ത തണ്ടുകളാണ് നടീൽ വസ്തു. വിത്തുകളും പാകി മുളപ്പിക്കാറുണ്ട്. എന്നാൽ, നല്ലൊരു ശതമാനം വിത്തുകളും മുളയ്ക്കാറില്ല. പെട്ടന്നു വളർന്നു പുഷ്പിക്കാൻ തണ്ടുകൾ നടുന്നതാണു നല്ലത്.

മണ്ണ്, മണൽ, ചകിരിച്ചോറ് അല്പം എല്ലുപൊടി എന്നിവ ചേർത്ത് യോജിപ്പിച്ച മിശ്രിതം വലിയ ചട്ടിയിൽ മുക്കാൽ ഭാഗം നിറച്ച് ചെടിയുടെ തണ്ട് നടാം. നട്ട് കഴിഞ്ഞ് അല്പം നനയ്ക്കണം. നേരിയ ഈർപ്പം എപ്പോഴും ഉണ്ടാവണം. വെള്ളം കെട്ടിനിൽക്കാത്ത സ്ഥലത്ത് ഇളക്കമുള്ള മണ്ണിലും നടാം.

മണ്ണ് വരണ്ട് ഉണങ്ങിയാലും വെള്ളം കൂടിയാലും ചെടികൾ നശിക്കും. തണ്ട് നട്ട് തണലിൽ വയ്ക്കണം. രണ്ടാഴ്ചകൊണ്ട് വേര് പിടിക്കും. മൂന്നോ നാലോ ആഴ്ച കഴിഞ്ഞ് തോട്ടത്തിലേക്കു മാറ്റാം.

വീടിനകത്താണെങ്കിൽ അല്പം സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്ത് വയ്ക്കാം. രണ്ട് മാസത്തിനുള്ളിൽ പുഷ്പിച്ചു തുടങ്ങും.

ശരിയായ പരിചരണം നൽകിയാൽ വർഷം മുഴുവൻ പൂവിടും. ഫലഭൂയിഷ്ഠമായ ഇളക്കമുള്ള മണ്ണാണ് അനുയോജ്യം. തണ്ടുകൾ ഒടിയാതെ നോക്കണം. കൂടുതൽ ശിഖരങ്ങളുണ്ടാകാൻ നീളം കൂടുതലുള്ള തണ്ടുകളുടെ തലഭാഗം മുറിച്ചു മാറ്റാം.

മുറിച്ചെടുക്കുന്ന തണ്ടുകൾ പുതിയ നടീൽ വസ്തുവായി ഉപയോഗിക്കാം. കൂടുതൽ തണുപ്പ് ഇഷ്ടപ്പെടാത്ത ഈ ചെടിക്ക് കൂടുതൽ നേരം സൂര്യപ്രകാശം നേരിട്ട് ലഭിക്കുന്നതും ദോഷമാണ്. രോഗം ബാധിച്ചതും കേടുപാടുള്ളതുമായ ശാഖകൾ നീക്കണം.

രണ്ടോ മൂന്നോ വർഷത്തിലൊരിക്കൽ ട്രാൻസ്പ്ലാൻറേഷൻ നടത്തുന്നതു നല്ലതാണ്. മാസത്തിൽ ഒരു തവണ ഒരു സ്പൂൺ എല്ലുപൊടിയോ അല്പം ചാണകപ്പൊടിയോ നൽകുന്നത് നല്ലതാണ്. മഴക്കാലത്ത് കമ്പുകൾ ഒടിയാതെയും മുറിച്ചെടുക്കാതെയും സംരക്ഷിക്കണം.

ന്യൂഗിനിയ ഇന്‌പേഷ്യൻസിനെ നല്ല രീതിയിൽ ശിശ്രൂഷിച്ചാൽ രോഗകീടബാധകൾ ഉണ്ടാകില്ല. മുഞ്ഞ പോലുള്ള കീടങ്ങൾ, ചിലന്തി, വെള്ളീച്ച തുടങ്ങിയവയുടെ ആക്രമണങ്ങൾ ഉണ്ടാകാം. മണ്ണിൻറെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങളും നൈട്രജൻറെ അളവിലുണ്ടാകുന്ന മാറ്റങ്ങളും ചെടിയുടെ നാശത്തിന് കാരണമാകും.

# അധികം മുതൽമുടക്കില്ലാതെ പയർ കൃഷി

ചെറിയ കാലയളവുകൊണ്ട് വിജയകരമായി ചെയ്യാവുന്ന ഒന്നാണ് പയർ കൃഷി. ജൈവകൃഷിയിലൂടെ ഉൽപ്പാദിക്കുന്ന പയറുകൾക്ക് വിപണിയിൽ ആവശ്യക്കാരേറെയാണ്. പയറിലടങ്ങിയിരിക്കുന്ന പോഷകഗുണങ്ങൾ പറയാതെ തന്നെ എല്ലാവർക്കും അറിയാം. മട്ടുപാവിലുൾപ്പടെ അധികം മുതൽമുടക്കില്ലാതെ പയർ കൃഷി ചെയ്ത് ലാഭം കൊയ്യാൻ സാധിക്കുന്നതാണ്.പത്ത് സെന്റിൽ നിന്നും ദിവസം 5000രൂപയുടെ ലാഭം നേടാൻ പയർ കൃഷി എങ്ങനെ ചെയ്യണമെന്ന് നോക്കാം.



വിത്ത് മുളപ്പിക്കേണ്ട രീതിചിലർ പയർ വിത്ത് നടുന്നതിന് തൊട്ടു മുൻപുള്ള ദിവസം മുഴുവൻ വിത്ത് മുളയ്ക്കുന്നതിനായി വെള്ളത്തിലിട്ട് വയ്ക്കാറുണ്ട്. ഇങ്ങനെ ചെയ്യുന്നത് വിത്ത് ചീഞ്ഞ് പോകുന്നതിന് കാരണമാകും. പകരമായി ഒരു ഇടത്തരം വലിപ്പമുള്ള പ്ലാസ്റ്റിക് കുപ്പി തിരശ്ചീനമായി കീറി മണ്ണ് നിറച്ചതിന് ശേഷം അതിൽ വിത്ത് നടുക. ശേഷം ചെറിയ അളവിൽ വെള്ളം സ്പ്രേ ചെയ്ത് കൊടുത്താൽ മതി.ഏഴ് ദിവസത്തിനുള്ളിൽ വിത്ത് മുളയ്ക്കും.നിലമൊരുക്കൽഎവിടെയാണോ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത് അവിടെയുള്ള മണ്ണ് നന്നായി കിളച്ച് ഒരുക്കുക. മണ്ണിന്റെ അസിഡിറ്റി മാറ്റുന്നതിന് ഡോളോമിറ്റ് ചേർത്തുകൊടുക്കുന്നത് നല്ലതായിരിക്കും. ഇതിട്ട് ഏഴ് ദിവസം കഴിഞ്ഞതിന് ശേഷം മാത്രം പയർ തൈ നടുക. അടിവളമായി എല്ലുപൊടിയോ വേപ്പിൻ പിണ്ണാക്കോ ചേർക്കാവുന്നതാണ്. ഗ്രോബാഗിലാണ് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നതെങ്കിൽ വളങ്ങൾ കലർത്തിയ മണ്ണ് ഇവയിൽ നിറച്ച് കൊടുത്താൽ മതി.

അടിവളമായി കോഴിക്കാഷ്ടം ചേർക്കുന്നത് വിളവ് ഇരട്ടിക്കും. ഇതിൽ നൈട്രജൻ, ഫോസ്ഫറസ്,പൊട്ടാസ്യം മുതലായ ധാതുക്കൾ അടങ്ങിയിട്ടുണ്ട്.രീംുലമരീംുല മുളപ്പിക്കാൻ മാറ്റി വച്ചിരിക്കുന്ന വിത്തിൽ എട്ട് ദിവസങ്ങൾക്കകം മുള വരും. ഇവ പ്ലാസ്റ്റിക് കുപ്പിയിൽ നിന്നും വേർപെടുത്തി നടേണ്ടതുണ്ട്. അതിനായി പ്ലാസ്റ്റിക് കുപ്പിയിലുള്ള ചെടികൾക്ക് നന്നായി വെള്ളം സ്പ്രേ ചെയ്തതിന് ശേഷം മാത്രം വേർപെടുത്തിയെടുക്കുക. ഇല്ലെങ്കിൽ പയർ ചെടിയുടെ വേര് പൂർണമായി കുപ്പിയിൽ നീക്കം ചെയ്യാൻ സാധിക്കില്ല.

വൈകുന്നേരങ്ങളിൽ തൈകൾ മാറ്റി നടുന്നതാണ് നല്ലത്.ചെടികളുടെ വള്ളികൾക്ക് വളരുന്നതിനാവശ്യമായ താങ്ങ് നൽകുന്നതിന് പന്തലൊരുക്കുക. രണ്ടാഴ്ച കഴിയുമ്പോൾ പയർ ചെടിക്ക് ആവശ്യമായ വളപ്രയോഗം നടത്തണം. അതിനായി ചാണകപൊടി ചേർക്കുന്നത് ഉത്തമമായിരിക്കും.മുഞ്ഞയെ തുരത്താൻപയർ കൃഷി ചെയ്യുമ്പോൾ പ്രധാനപ്പെട്ട ഒരു വില്ലനാണ് മുഞ്ഞ.

ഇറച്ചിയോ മീനോ കഴുകിയ വെള്ളം കുപ്പിയിൽ നിറച്ച് മുഞ്ഞ ബാധിച്ച ഇലകളിൽ സ്പ്രേ ചെയ്ത് കൊടുക്കാവുന്നതാണ്. അങ്ങനെയുള്ള ഇലകളിൽ ഉറുമ്പ് കൂടുകൂട്ടുകയും മുഞ്ഞയെ തുരത്തുകയും ചെയ്യും.

പയർ ചെടികളിൽ പൂവുകൾ വരുന്ന സമയത്ത് കോഴിക്കാഷ്ടം നന്നായി വെള്ളത്തിൽ ലയിപ്പിച്ച് ചെടികളുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുന്നത് നല്ലതാണ്. ഇങ്ങനെ ചെയ്യുന്നതിലൂടെ ആരോഗ്യമുള്ള കായകൾ ലഭിക്കാൻ സഹായിക്കും.

വളപ്രയോഗവും നനയും കൃത്യമാണെങ്കിൽ 45 ദിവസത്തിനുള്ളിൽ വിളവെടുക്കാൻ സാധിക്കുന്നതാണ്.



## വെറും 250 രൂപ ഒരുതവണ മുടക്കിയാൽ ആദായം വർഷങ്ങളോളം

പ്ലാസ്റ്റിക്കും കൃത്രിമ വസ്തുക്കൾക്കളും കൊണ്ടുള്ളതിന് പകരം പ്രകൃതിദത്ത ക്രിസ്മസ് ട്രീയുമായി കൃഷിവകുപ്പ്. ഉപയോഗശേഷം ഉപേക്ഷിക്കപ്പെടുന്ന ക്രിസ്മസ് ട്രീ കൊണ്ടുള്ള മലിനീകരണം ഒഴിവാക്കാനാണിത്. 10 കൊല്ലം കൊണ്ട് സംസ്ഥാനത്ത് ഇതുമൂലമുള്ള മലിനീകരണം പൂർണമായും ഒഴിവാക്കലാണ് ലക്ഷ്യം.

കൃഷിമന്ത്രിയുടെ നിർദ്ദേശപ്രകാരം വാങ്ങി പരിപാലിച്ച ക്രിസ്മസ് ട്രീകളാണ് സംസ്ഥാനത്തെ സീഡ് ഫാമുകൾ വഴി വിതരണം ചെയ്യുന്നത്.പൂനെയിൽ നിന്നും വരുത്തിയ 5,000 തൈകൾ പരിപാലിച്ച് വളർത്തിയാണ് വിൽപ്പന. ക്രിസ്മസ് കഴിഞ്ഞാലും മൂന്നോ നാലോ വർഷം വരെ ചട്ടിയിൽ വളർത്തി വലുതാകുമ്പോൾ വീട്ടുമുറ്റത്ത് മണ്ണിൽ നടാം. വർഷം തോറും കൃത്രിമ ട്രീകൾക്കുള്ള ചെലവുമില്ല. പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ പദ്ധതി വ്യാപകമാക്കും. തൈകൾ സ്വന്തമായി വകസിപ്പിക്കുന്നതിന്റെ സാദ്ധ്യതയും കൃഷിവകുപ്പ് ആരായുന്നുണ്ട്.

തൃശൂർ ജില്ലയിൽ മണ്ണുത്തി, പാണഞ്ചേരി, ഇരിങ്ങാലക്കുട, എടത്തിരുത്തി, പഴയന്നൂർ, ചേലക്കര, കോടശ്ശേരി എന്നിവിടങ്ങളിലെ സീഡ് ഫാമുകളിൽ നിന്ന് ചെടികൾ ലഭിക്കും. മൂന്നിനം ട്രീകളിൽ ഏറ്റവും നല്ലയിനമായ ഗോൾഡൻ സൈപ്രസാണ് നിലവിലുള്ളത്. കൂടുതൽ ഭംഗിയും ഇതിനാണ്. കോണാകൃതിയിൽ മുകളിലേക്ക് വരുംതോറും പച്ചകലർന്ന മഞ്ഞനിറവും കൂടുതൽ ഭംഗിയുമുണ്ടാകും. ചട്ടിയിൽ വളർത്തിയ ശേഷം വീട്ടുമുറ്റത്ത് നട്ടുവളർത്താം.

# വൻ ഇളവുകളുമായി സോച്ച് റെഡ് ഡോട്ട് സെയിൽ തുടങ്ങി

**കൊച്ചി:** വൈവിധ്യമാർന്ന എത്നിക്ക് വസ്ത്രങ്ങൾക്ക് 50% വരെ കിഴിവ് വാഗ്ദാനം ചെയ്ത് സോച്ചിന്റെ റെഡ് ഡോട്ട് സെയിൽ ആരംഭിച്ചു. ഡിസംബർ 7ന് ആരംഭിച്ച ഈ റെഡ് ഡോട്ട് സെയിലിൽ നിന്ന്, സാരികൾ, സൽവാർ സ്യൂട്ടുകൾ, കുർത്തകൾ, കുർത്ത സെറ്റുകൾ, ഡ്രസ് മെറ്റീരിയലുകൾ, ട്യൂണിക്കുകൾ, കഫ്താൻ എന്നിവയുൾപ്പെടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ പ്രിയപ്പെട്ട സോച്ച് ലുക്കുകൾ ശേഖരിക്കാനാവും.




എല്ലാ സോച്ച് സ്റ്റോറുകളിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലും മുമ്പൊരിക്കലുമില്ലാത്ത വിലയിൽ 2000ലധികം വസ്ത്ര സ്റ്റൈലുകളാണ് അണിനിരത്തിയിരിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും വലിയ ഒക്കേഷൻ ആൻഡ് ഈവനിങ് വെയർ ബ്രാൻഡാണ് സോച്ച്. തങ്ങളുടെ വിശ്വസ്തരായ ദശലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് എത്നിക്ക് ശൈലിയുടെ എല്ലാ കാര്യങ്ങളിലും മറ്റാർക്കും നൽകാൻ കഴിയാത്ത ഡീലുകൾ നേടാനുള്ള അവസരം നൽകുന്നതിനാണ് ദ്വിവർഷ വിൽപന നടത്തുന്നത്. 749 രൂപ മുതലാണ് വില ആരംഭിക്കുന്നത്. വിവാഹത്തിനുള്ള കാലാതീതമായ സാരിയായാലും, സായാഹ്ന പാർട്ടിക്കുള്ള സ്റ്റൈലിഷ് സൽവാർ സ്യൂട്ടായാലും, ശീതകാല വാർഡ്രോബിൽ ഗ്ലാമർ നിറയ്ക്കുന്ന ഒരു ട്രെൻഡി കുർത്തയായാലും, ഓരോ പ്രത്യേക അവസരത്തിനും വേണ്ടി തയ്യാറാക്കിയ വിശിഷ്ടമായ ചമയത്തിന് വേണ്ടിയുള്ള ഒരു നിര തന്നെ കണ്ടെത്താൻ സോച്ചിന്റെ റെഡ് ഡോട്ട് സെയിലിലൂടെ സാധിക്കും.

ബ്രാൻഡിന്റെ ഏറ്റവും പുതിയ ക്യാപ്സ്യൂൾ വെഡിങ് ശേഖരത്തിലെ അജയ്യമായ ഓഫറുകളാണ് വിൽപനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗഹനമായ ഡിസൈനുകളും കനംകുറഞ്ഞതും ആശ്വാസം നൽകാൻ കഴിയുന്നതുമായ തുണിത്തരങ്ങൾക്കൊപ്പം, പരമ്പരാഗതവും സമകാലികവുമായ ശൈലികളുടെ സമന്വയവും ഉത്സവകാല പ്രചോദിതമായ നിറങ്ങളുടെ പാലറ്റും സോച്ച് അവതരിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് soch.com സന്ദർശിക്കാം.

# അപർണ്ണ എന്റർപ്രൈസസ് ആഗോളതലത്തിലേക്ക്

**കൊച്ചി:** ഇന്ത്യയിലെ അതിവേഗം വളരുന്ന നിർമ്മാണ സാമഗ്രികളുടെ ഉൽപാദകരായ അപർണ്ണ ഇൻഡസ്ട്രീസ് തങ്ങളുടെ യുപിവിസി ഡോർവിൻഡോ ബ്രാൻഡായ ഒക്കോടെക്കുമായി തെക്ക്കിഴക്കൻ ഏഷ്യൻ വിപണിയിലേക്കു കടക്കുന്നു. ഉത്തരേന്ത്യൻ വിപണിയിലും ഭൂട്ടാനിലും വിജയകരമായി എത്തിയ ശേഷമാണ് അപർണ്ണ ഇൻഡസ്ട്രീസ് വിയറ്റ്നാം, ബംഗ്ലാദേശ്, ശ്രിലങ്ക, നേപ്പാൾ എന്നിവടങ്ങളിലേക്കു കടക്കുന്നത്.

ഒക്കോടെക്കിൻറെ ഭാവിയിലെ ആകെ വരുമാനത്തിൻറെ 20 ശതമാനം ഈ മേഖലകളിൽ നിന്നായിരിക്കും എന്നാണു പ്രതീക്ഷിക്കുന്നതെന്ന് അപർണ്ണ എൻറർപ്രൈസസ് എക്സിക്യൂട്ടീവ് ഡയറക്ടർ അപർണ്ണ റെഡ്ഡി പറഞ്ഞു.

യുപിവിസി വിപണി 6.8 ശതമാനം സംയോജിത വാർഷിക വളർച്ചയോടെ 2032ൽ 99.18 ബില്യൺ ഡോളറിലെത്തും എന്ന കണക്കു കൂട്ടിലിൻറെ പശ്ചാത്തലത്തിൽ വൈവിധ്യമാർന്ന വിപണികളിലേക്കുള്ള കമ്പനിയുടെ കടന്നു വരവ് ഏറെ സാധ്യതകളാണ് ഉയർത്തുന്നത്.

കഴിഞ്ഞ നാലു വർഷങ്ങളിൽ ഒക്കോടെക് ഉൽപന്ന നിരയിൽ 20 ശതമാനം വളർച്ചയാണു തങ്ങൾക്കു കാണാനായതെന്നും യുപിവിസി രംഗത്തെ വിശ്വസനീയ ബ്രാൻഡ് എന്ന സ്ഥാനത്തിനായി ഏറ്റവും മികച്ച ഉൽപന്നങ്ങളും സേവനങ്ങളും ലഭ്യമാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അപർണ്ണ റെഡ്ഡി പറഞ്ഞു.

# മെറി മെട്രോ 2023 ; മെഗാ കരോൾ ഗാന മത്സരം 18ന്

**കൊച്ചി:** ക്രിസ്മസ് ആഘോഷകാലത്ത് യാത്രക്കാർക്ക് കൈനിറയെ സമ്മാനങ്ങൾ നേടാൻ അവസരമൊരുക്കി കൊച്ചി മെട്രോ. മെറി മെട്രോ 2023 എന്ന പേരിൽ കൊച്ചി മെട്രോയും ടിവിഎസ് ഐക്യൂബ് ഇലക്ട്രിക്കും സംയുക്തമായി സംഘടിപ്പിക്കുന്ന ഒരാഴ്ച്ച നീണ്ട ആഘോഷങ്ങൾക്ക് 18 ന് തുടക്കമാകും.

25 വരെയാണ് ആഘോഷപരിപാടികൾ. മെഗാ കരോൾ ഗാന മത്സരം, പുൽക്കൂട് നിർമ്മാണ മത്സരം, ക്രിസ്മ്സ് ട്രീ അലങ്കാര മത്സരം എന്നീ മത്സരങ്ങളാണ് വിവിധ മെട്രോ സ്റ്റേഷനുകളിൽ നടക്കുക. 18ന് വൈകിട്ട് 5 മുതൽ നടക്കുന്ന മെഗാ കരോൾ ഗാന മത്സരമാണ് പ്രധാന ആകർഷണം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സംഘങ്ങൾ മത്സരത്തിൽ പങ്കെടുക്കും. എറണാകുളം ജോസ് ജംഗ്ഷനിലുള്ള കൊച്ചി മെട്രോയുടെ ഓപ്പൺ എയർ തിയറ്ററിലാണ് മത്സരം. രജിസ്റ്റർ ചെയ്യുന്ന ആദ്യ 20 ടീമുകൾക്കാണ് അവസരം. കരോൾ ഗാന മത്സരത്തിലെ ജേതാവിന് ഡോണറ്റ് ഫാക്റ്ററി നൽകുന്ന 50,000 രൂപയാണ് സമ്മാനം. രണ്ടാം സ്ഥാനത്ത് എത്തുന്ന സംഘത്തിന് കീർത്തി നിർമ്മൽ നൽകുന്ന 25,000 രൂപ ക്യാഷ് പ്രൈസും മൂന്നാം സ്ഥാനക്കാർക്ക് എഥർ ഓട്ടോസ്റ്റാർക്ക് എനർജി നൽകുന്ന 10,000 രൂപ ക്യാഷ് പ്രൈസും ലഭിക്കും. ഗ്രീറ്റ്സ് പബ്ലിക് സ്കൂളിലെ വിദ്യാർഥികൾ അവതരിപ്പിക്കുന്ന ബാൻഡ് മേളവും മത്സരത്തിന് മുന്നോടിയായി അരങ്ങേറും. ഡിസംബർ 20ന് വിവിധ മെട്രോ സ്റ്റേഷനുകളിൽ പുൽക്കൂട് നിർമ്മാണ മത്സരവും ക്രിസ്മസ് ട്രീ അലങ്കാര മത്സരവും നടക്കും. 5000,3000,2000 രൂപ വീതമുള്ള ക്യാഷ് പ്രൈസുകളാണ് ഇരു മത്സരങ്ങളിലെയും ആദ്യ മൂന്ന് വിജയികൾക്ക് ലഭിക്കുക. ഡിസംബർ 18 മുതൽ ക്രിസ്മസ് ദിനം വരെ കൊച്ചി മെട്രോയിൽ യാത്ര ചെയ്യുന്നവർക്ക് മെട്രോ സാന്റയെ കണ്ടുമുട്ടുവാനും ക്രിസ്മസ് സമ്മാനം നേടാനും അവസരമുണ്ട്. മത്സരങ്ങളുടെ രജിസ്ട്രേഷൻ സൗജന്യമായിരിക്കും. മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി +91 4842846777, +91 98479 76380 എന്നീ നമ്പറുകളിൽ വിളിക്കാം. കൊച്ചി മെട്രോയുടെ വെബ്സൈറ്റ് , ഫേസ്ബുക് , ഇൻസ്റ്റാഗ്രാം പേജിലും മത്സരത്തിന്റെ വിശദാംശങ്ങൾ ലഭ്യമാണ്.

# ഐടി മേഖലയിലെ വനിതാ ജീവനക്കാർക്ക് കോൾ സെന്റർ സൗകര്യം

**കൊച്ചി:** ഐടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചു.തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവർക്ക് ടോൾ ഫ്രീ നമ്പറിൽ വിളിക്കാവുന്നതാണ്.155300 , 180042555214 എന്നിവയാണ് ടോൾ ഫ്രീ നമ്പറുകൾ.എല്ലാ ഐ ടി സ്ഥാപനങ്ങളിലും ടോൾ ഫ്രീ നമ്പറുകൾ പ്രദർശിപ്പിക്കണമെന്ന് ജില്ല ലേബർ ഓഫീസർ പി.ജി.വിനോദ് കുമാർ അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663